കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

www.ksad.kerala.gov.in

# കൊടുവായൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി19/66/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തീയതി: 07.02.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊടുവായൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :

കൊടുവായൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ–പികെഡി19/66/2020 തീയ്യതി: 07.02.2020

പാലക്കാട് ജില്ലയിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കൊടുവായൂര് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10-11-18 മുതൽ 04-11-19 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല. .

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സതീശൻ.എൻ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05-11-2019 മുതൽ 16-11-2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.എൻ.സുമേഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.എസ്.എച്ച്.ഷർഫുദ്ദീൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.എം.ശിവപ്രസാദ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.എ.കെ.ജിജീഷ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കൃഷ്ണപ്രസാദ്.ജി | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ.വിനോദ്കുമാർ.വി | 01-04-2018 മുതൽ 02-05-2018 വരെ |
| | ശ്രീമതി.ശ്രീകല.എം -അസി.സെക്രട്ടറി(i/c) | 03-05-2018 മുതൽ 13-05-2018 വരെ |
| | ശ്രീ.വിനോദ്കുമാർ.വി | 14-05-2018 മുതൽ 13-03-2019 വരെ |
| | ശ്രീ.എ.ബി.മൈതീൻ അസി.സെക്രട്ടറി(i/c) | 14-03-2019 മുതൽ 24-03-2019 വരെ |
| | ശ്രീമതി. ബീഗം സൈന.ബി (i/c) | 25-03-2019 മുതൽ 31-03-2019 വരെ |

(ബി) നിർവ്വഹണാധികാരികൾ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതി.ശ്രീകല.എം -അസി.സെക്രട്ടറി(i/c) | 01-04-2018 മുതൽ 11-10-2018 വരെ |
| | ശ്രീ.എ.ബി.മൈതീൻ അസി.സെക്രട്ടറി(i/c) | 12-10-2018 മുതൽ 31-03-2019വരെ |
| കൃഷി ഓഫീസർ | ശ്രീമതി.മഞ്ജു | 1-4-2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ.തങ്കരാജ്.പി | 1-4-2018 മുതൽ 31-3-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കെ.ആർ. സിനിമോൾ. | 1-4-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.അനുഷ.ആർ | 01-04-2018 മുതൽ 21.10.2018 വരെ |
| | ശ്രീ.ഉണ്ണി.കെ.എസ് | 22.10-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.സിന്ധു.എം.എ | 1-4-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.അനുരുമ സേതുമാധവൻ | 1-4-2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ജയൻ.എം | 1-4-2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.വിനയകുമാർ | 1-4-2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. പ്രിൻസി എസ്.ജോൺ | 1-4-2018 മുതൽ 31.03.2019 വരെ |
| എച്ച്.എം | ശ്രീമതി. ലക്ഷ്മിക്കുട്ടി.എസ് | 1-4-2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | തൊഴിൽ നികുതി- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-11 |
| 12 | ലൈസൻസ് - ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ഫീ ഈടാക്കേണ്ടതാണ് | 1-12 |
| 13 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് | 1-13 |
| 14 | വസ്തുനികുതി കുറവായി നിർണ്ണയിച്ചു | 1-14 |
| 15 | ക്യാൻസൽ ചെയ്യുന്ന രശീതികളിൽ കാരണമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ് | 1-15 |
| 16 | വാടക-അപാകതകൾ പരിഹരിക്കേണ്ടതാണ്. | 1-16 |
| 17 | ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. | 1-17 |

| | | |
|---|---|---|
| 18 | കുടിവെള്ള പദ്ധതികൾ പഞ്ചായത്തിന്റെ തീരാബാധ്യതയായിട്ടും ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നില്ല. | 1-18 |
| 19 | ഖരമാലിന്യ പദ്ധതി - സുസ്ഥിര സംവിധാനം നടപ്പിലാക്കുന്നതിൽ വീഴ്ച- തുടർ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്. | 1-19 |
| 20 | പാലിന് ഇൻസെന്റീവ് നൽകൽ പദ്ധതി- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-20 |
| 21 | വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-21 |
| 22 | പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയപ്പോൾ നിയമാനുസൃത പിഴ ഈടാക്കിയില്ല | 1-22 |
| 23 | ഏറ്റെടുത്ത പൊതുമരാമത്ത് പ്രവർത്തികൾ നടപ്പിലാക്കുന്നില്ല. | 1-23 |
| 24 | വർക്കേഴ്സ് വെൽഫെയർ ഫണ്ടിൽനിന്നും കളക്ഷൻ ചാർജ്ജ് ഈടാക്കാത്തത് മൂലം വരുമാന നഷ്ടം | 1-24 |
| 25 | സ്പിൽ ഓവർ പദ്ധതികൾ - നിലവിലും പൂർത്തീകരിക്കാതെ തുടരുന്നു | 1-25 |
| 26 | വാട്ടർ ടാങ്ക് വാങ്ങി നൽകൽ -ഒരേ ഇനം വാങ്ങലിന് വ്യത്യസ്ത പ്രൊജക്ടുകൾ നടപ്പാക്കിയത് പ്രൊക്യൂർമെന്റ് മാർഗ്ഗലംഘനം | 1-26 |
| 27 | വാങ്ങലുകൾക്ക് ടെണ്ടർ രീതി അവലംബിച്ചിട്ടില്ല. | 1-27 |
| 28 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-28 |
| 29 | മരുന്നുകൾ സപ്ലൈകോയിൽ നിന്നും വാങ്ങിയത് സബ്സിഡി മാർഗ്ഗലംഘനം | 1-29 |
| 30 | അംഗൻവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നില്ല | 1-30 |
| 31 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-31 |
| 32 | ലൈഫ് മിഷൻ അവലോകനം | 1-32 |
| 33 | ബ്ലോക്ക് വിഹിതം ലഭ്യമായത് ചെലവഴിക്കാതെ കിടക്കുന്നു | 1-33 |
| 34 | ഡെപ്പോസിറ്റ് വർക്കുകൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-34 |
| 35 | പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ- പദ്ധതി പൂർത്തീകരിച്ചില്ല | 1-35 |
| 36 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തനങ്ങളുടെ വിലയിരുത്തൽ | 1-36 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഒന്നുമില്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഒന്നുമില്ല | |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 37 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 38 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 39 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 40 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 41 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 42 | സ്ഥിര നിക്ഷേപം | 4-6 |
| 43 | സമാഹൃത റിപ്പോർട്ട് | 4-7 |
| 44 | ഓഡിറ്റ് റിക്കവറി | 4-8 |
| 45 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 48 | വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ചതിൻമേലുള്ള സാക്ഷ്യപത്രം | അനുബന്ധം.1 |
| 49 | വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം | അനുബന്ധം.2 |



# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

14.3.2018 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-19 | 27.5.19 | - | - |

# 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 14-6-19 മുതൽ 15-6-19വരെ | പി.കെ.ഡി.21/1904 (38)/19 തിയ്യതി 29.8.19 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10058924 |
| വരവ് | 117900732 |
| ആകെ | 127959656 |
| ചെലവ് | 98437051 |
| നീക്കിയിരിപ്പ് | 29522605 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 18593810 | 18593810 | 18052543 | 541267 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 14812000 | 14812000 | 11452255 | 3359745 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 27000 | 27000 | 0 | 27000 |
| മെയിന്റനൻസ്, റോഡ് | | 0 | 8875000 | 8875000 | 3917272 | 4957728 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 3786000 | 3786000 | 3616091 | 169909 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 8630000 | 8630000 | 5379788 | 3250212 |
| ദുരിതാശ്വാസനിധി | | 763 | 10048 | 19811 | 18300 | 1511 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 27115391 | 27115391 | 27115391 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1140 | 581816 | 582956 | 577737 | 5219 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ICDS) | | 766102 | 507175 | 1273277 | 353429 | 919848 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (വിമുക്തി) | | 3570 | 0 | 3570 | 0 | 3570 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 3506564 | 3506564 | 3506160 | 404 |
| | ജില്ലാ പഞ്ചായത്ത് | 0 | 3857764 | 3857764 | 2093647 | 1764117 |
| ബി ഫണ്ട് | | 0 | 1267200 | 1267200 | 1267200 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 11281766 | 11281766 | 11281766 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 6898637 | 13506469 | 20405106 | 9453446 | 10951660 |
| | ട്രഷറി അക്കൗണ്ട് | 1317122 | 24256874 | 25573996 | 11615140 | 13958856 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 224 | 161073064 | 142 | 71561439 | - | 81 | 63 |
| | | | | | | |

2018-19 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 63% പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| വെറ്ററിനറി സർജ്ജൻ | 6 | 5 | 3138000 | 1363000 | 44 |
| മെഡിക്കൽ ഓഫീസർ-PHC | 3 | 2 | 966000 | 910893 | 94 |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 600000 | 600000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 150000 | 150000 | 100 |
| വി.ഇ.ഒ | 10 | 7 | 88014321 | 30836467 | 35 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 7 | 5805890 | 4384888 | 76 |
| സെക്രട്ടറി | 38 | 26 | 15292169 | 12325295 | 81 |
| അസി.സെക്രട്ടറി | 10 | 9 | 5348842 | 3033322 | 57 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 137 | 75 | 36232160 | 13614108 | 38 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 573000 | 573000 | 100 |
| എച്ച്.എം | 7 | 6 | 1162282 | 923232 | 79 |
| കൃഷി ഓഫീസർ | 2 | 2 | 3990400 | 2847234 | 71 |
| ആകെ | 224 | 142 | 161073064 | 71561439 | 45 |

# 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഇന്റേർണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും ആവശ്യമായ സംഗതിയിൽ റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ച ചെയ്ത് പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ബഡ്ജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്വേറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ് ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന പ്രത്യേകം ശ്രദ്ധിക്കേണ്ടിവരുന്നുണ്ട്. ഇതിനായി സോഫ്റ്റ്വേർ സംവിധാനമൊന്നും ഏർപ്പെടുത്തിയിട്ടില്ല.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് രേഖകൾ തീപ്പിടുത്തം, കളവ്, പുറമേ നിന്നുള്ള ഇടപെടലുകൾ, വ്യാജരേഖ ചമക്കൽ എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള മതിയായ ക്രമീകരണങ്ങൾ നടത്തിയിട്ടില്ല.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ ഉന്നത അധികാരികൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്. അതിനാൽ എല്ലാ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും login, password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക തൊട്ടടുത്ത ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

മുഴുവൻ ചെലവു തുകകളും ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ്ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതിയുടെ ഡി.സി.ബി. രജിസ്റ്റർ മാത്രമാണ് സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. ക്യാമ്പ് കലക്ഷനും ഫീൽഡ് കളക്ഷനും നടത്തി 95% നികുതികൾ പിരിച്ചെടുത്തിട്ടുണ്ട്. പിരിഞ്ഞ് കിട്ടാനുള്ള തുകകൾ കൃത്യമായി കണക്കാക്കി അടുത്ത വർഷത്തേക്ക് ക്യാരിഓവർ ചെയ്യുന്നുണ്ട്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാകേണ്ടതുണ്ട്. ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക് & സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനവും ഇല്ല. എന്നാൽ ആസ്തികൾ കൃത്യമായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Sankya Software 100% successful എന്ന് പറയാനാവില്ല. Bill Registerന് സമാനമായ ഒരു സംവിധാനം Softwareൽ ഇല്ലാത്തതിനാൽ manual രജിസ്റ്റർ സൂക്ഷിക്കേണ്ടി വരുന്നു. ഓരോ Expenditureനും Manual Workഉം പരിശോധനയും വേണ്ടി വരുന്നു. ചെലവു തുക കണക്കിൽ രേഖപ്പെടുത്തുന്നതിന് മാത്രമാണ് സാംഖ്യയിൽ Provision ഉള്ളത്. Fully Computerisaition-ന്റെ പ്രയോജനം ലഭിക്കുന്നില്ല. സഞ്ചയ Property Taxലെ രേഖകൾ തയ്യാറാക്കുന്നത് എളുപ്പമാക്കിയിട്ടുണ്ട്. മറ്റ് വരവിനങ്ങളും കൂടി സാംഖ്യയുമായി ബന്ധിപ്പിക്കണം. സങ്കേതം Softwareൽ Licenced Building Supervisors-ന്റെ സഹായത്തോടെ മാത്രമേ പെർമിറ്റ് നേടാനാവുകയുള്ളൂ.

വിവിധ അപേക്ഷകൾ സമർപ്പിച്ചശേഷം പൊതുജനങ്ങൾക്ക് Online ആയി സർട്ടിഫിക്കറ്റുകൾ Print എടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നത് പ്രയോജനകരമാണ്. Property taxന് വേണ്ടി തയ്യാറാക്കിയ സഞ്ചയ സോഫ്റ്റ്‌വേർ കുറ്റമറ്റതാക്കേണ്ടതുണ്ട്. Financial Transactions സാംഖ്യയുമായി ബന്ധിപ്പിച്ച് Online Transaction ബാധകമാക്കണം. പഞ്ചായത്ത് കമ്മറ്റി മീറ്റിങ്ങിന് മാത്രമാണ് Software ഉള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്ക മാറേണ്ടതുണ്ട്. ഓരോ Expenditureനും Manual Workഉം പരിശോധനയും വേണ്ടി വരുന്നു. Payment അടിച്ച് കണക്കിൽ രേഖപ്പെടുത്തുന്നതിന് മാത്രമാണ് സാംഖ്യയിൽ Provision ഉള്ളത്. Fully Computerisaition-ന്റെ പ്രയോജനം ലഭിക്കുന്നില്ല.

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 187200 | 112 |
| കർഷക തൊഴിലാളി പെൻഷൻ | 8265100 | 648 |
| വിധവാ പെൻഷൻ | 18444000 | 1532 |
| വാർദ്ധക്യകാല പെൻഷൻ | 21548300 | 1916 |
| വികലാംഗ പെൻഷൻ | 3934000 | 331 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതയായവർക്കുള്ള പെൻഷൻ | 1053700 | 91 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 420000 | 21 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7-11-2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 34205 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.10.19 | 1.9.19 മുതൽ 30.9.19 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21-12-2009മുതൽ 02-1.2009 വരെ | 2004-05 മുതൽ 2008-09 വരെ | LBA(HQ)VI/8A/1528/48.തിയതി.1-2-2010 |

# 1-11 തൊഴിൽ നികുതി- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

2018-19 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിക്കുവാൻ ലക്ഷ്യമിടുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്തു. പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു.

എ) സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം 18(2) പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിന്റെ പുരോഗതി വിലയിരുത്തുന്നതിനും പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും 5-ാം നമ്പർ ഫോറത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. ചട്ടം 18(3) പ്രകാരം 5-ാം നമ്പർ ഫോറത്തിന്റെ പകർപ്പ് ഓഫീസ് തലവനോ തൊഴിലുടമയ്ക്കോ നൽകേണ്ടതുമാണ്. നിലവിൽ സ്ഥാപനങ്ങളുടേ പേര് ഉൾപ്പെടുന്ന ഒരു ലിസ്റ്റ് ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യഭാഗത്ത് ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ചട്ടം അനുസരിച്ച് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ബി)ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നു കാണുന്നു. ടി സ്ഥാപനങ്ങളെ സ്ഥാപന രജിസ്റ്ററിൽ ചേർക്കേണ്ടതും

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | വാർഡ്/ കെട്ടിട നം | അർദ്ധ വർഷം |
|---|---|---|---|---|
| 1 | പാർവ്വതി അഗ്രോ മിൽ | 9 | 16/227 | 1&2 |
| 2 | കോയർലക്സ് ഹോംസ് | 13 | 2/299 | 1&2 |
| 3 | JMR ടൈൽസ്&പേവേർസ് | 5 | 15/4,5 | 1&2 |
| 4 | ശ്രീറാം റൈസ് മിൽ | 3 | 8/680 | 1&2 |
| 5 | അൽ അമീൻ ട്രേഡേഴ്സ് | 4 | 7/226 | 1&2 |
| 6 | ബിസ്മില്ല റൈസ് മിൽ | 10 | 3/453,454 | 1&2 |
| 7 | ബേക്ക് പോയിന്റ് | 6 | 5/956 | 1&2 |
| 8 | ശ്രീവത്സ റീജൻസി | 14 | - | 1&2 |
| 9 | ബ്ലൂ മെറ്റൽസ് ക്വാറി | 5 | 16/603 | 1&2 |
| 10 | അയ്യർ സ്വീറ്റ്സ് | 7 | 5/907 | 1&2 |
| 11 | അയ്യപ്പ ഗ്യാസ് ഏജൻസി | 3 | 14/509 | 1&2 |
| 12 | ഗൗരി ടെക്സ്റ്റൈൽസ്&ഗാർമെന്റ്സ് | 8 | 5/1098 | 1&2 |
| 13 | ഫോർച്ച്യൂൺ എലിവേറ്റർ | 4 | 11/627 | 1&2 |
| 14 | മുദ്ര ജ്വല്ലറി | 3 | 5/857 | 1&2 |
| 15 | തൃശ്ശൂർ ഗോൾഡ് പാലസ് | 3 | 9/449 | 1&2 |
| 16 | ലിബർട്ടി മോട്ടോഴ്സ് | 3 | - | 1&2 |
| 17 | ഗനി ഹോണ്ട | 7 | 11/879 | 1&2 |
| 18 | നീതി ഡയഗ്നോസ്റ്റിക് സെന്റർ | 3 | 5/847,848 | 1&2 |
| 19 | എക്സൽ ഫോം | 4 | 15/414 | 1&2 |
| 20 | മുരളി ക്ലിനിക്ക് | 3 | - | 1&2 |
| 21 | ഡോ.റൂട്ട്സ് ഡെന്റൽ ക്ലിനിക്ക് | 3 | - | 1&2 |
| 22 | ക്ലാസ്സിക് സിൽക്സ് | - | - | 1&2 |
| 23 | സജ്ന ഗാർമെന്റ്സ് | 8 | 9/487,488 | 1&2 |
| 24 | കൊടുവായൂർ പെട്രോളിയം ഏജൻസീസ് | - | - | 1&2 |

ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ക്രമ നം-6 ബിസ്മില്ലാ റൈസ് മിൽ(15567/- രൂപ, രശീതി നം-119020105074 തിയ്യതി- 14.11.19), ക്രമ നം 9 ബ്ലൂ മെറ്റൽ ക്വാറി(1881/- രശീതി നം-119020105113 തിയ്യതി-14.11.19), ക്രമ നം 22 ക്ലാസ്സിക് സിൽക്സ്(5104/- രശീതി നം-119020105120, തിയ്യതി 15.11.19), ക്രമ നം-13 ഫോർച്ച്യൂൺ എലിവേറ്റർ(2380/- രശീതി നം-119020105130, തിയ്യതി -15.11.19) എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതും ടി സ്ഥാപനങ്ങളെ സ്ഥാപനരജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്.

സി)<u>സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ടതാണ്</u>

ബി എസ് എൻ എൽ സ്ഥാപനങ്ങളെ സ്ഥാപന തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതാകുന്നു. ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ഡി)<u>ക്ഷീരോൽപ്പാദക സഹകരണ സംഘം, റേഷൻ കടകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘങ്ങൾ, റേഷൻ കടകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. ക്ഷീര സഹകരണ സംഘങ്ങളെ സ്ഥാപന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഇ)<u>കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്</u>

പഞ്ചായത്തുമായി 2018-19 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവർത്തികൾക്കായി കരാറിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കരാറുകാരിൽ നിന്നുള്ള തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-12 ലൈസൻസ് - ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ഫീ ഈടാക്കേണ്ടതാണ്

എ)ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് - പുതുക്കിയ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ

31.10.2017 ലെ ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1996 എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്.

ഭേദഗതിക്ക മുമ്പ്, ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളുടെ പരമാവധി ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടങ്ങൾ അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്.

| ക്രമ നം. | വ്യവസായസ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|---|
| 1 | മൈക്രോ | 500/- |
| 2 | മിനി | 1000/- |
| 3 | സ്മാൾ | 5000/- |
| 4 | മീഡിയം | 10000/- |
| 5 | ലാർജ്ജ് | 15000/- |

കൊടുവായൂർ ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ വിറ്റ് വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ കണക്കാക്കിയിരിക്കുന്നത്. പുതുക്കിയ ലൈസൻസ് ഫീസ് ഈടാക്കുന്നതിനായി സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ്.

ബി)ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ചട്ട പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കി

31.10.2017 ലെ ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് ലൈസൻസ് ഫീ ഈടാക്കേണ്ടത് മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു . ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ലൈസൻസ് ഫീ കുറവായി ഈടാക്കിയിരുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കി.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | മൂലധന നിക്ഷേപം | ഈടാക്കാവുന്ന ലൈസൻസ് ഫീ | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| 1 | ശ്രീവത്സ റീജെൻസി | 10.8291 cr | 15,000/- | 4000/- | 11,000/- |
| 2 | കെ പി എൻ പ്രൊഡക്ട്സ് | 55 lakh | 1,000/- | 500/- | 500/- |
| 3 | എം എസ് ഗോൾഡൻ ഏജൻസീസ് | 33 lakh | 1000/- | 300/- | 700/- |
| | | | കുറവ് | | 12,200/- |

ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 3 സ്ഥാപനങ്ങളും യഥാക്രമം 15.11.19 ലെ 119020105128 രശീതി 12.11.19 ലെ 119020105028 നം രശീതി 13.11.19 ലെ 119020105051 നം രശീതി എന്നിവ പ്രകാരം കുറവു വന്ന തുക ഈടാക്കിയിട്ടുണ്ട്.

സി)ക്ഷീര സഹകരണ സംഘങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘങ്ങളൊന്നും ലൈസൻസ് എടുത്തിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ

(നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 132 പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല. ക്ഷീര സഹകരണ സംഘങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഡി)<u>ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്നും പുതുക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നതിനായി വാർഡ് അടിസ്ഥാനത്തിലുള്ള ഒരു ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്. ഓരോ വർഷവും സ്ഥാപനങ്ങളുടെ ലിസ്റ്റ് കാലികമാക്കേണ്ടതും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകേണ്ടതുമാണ്. പുതിയ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനായി ഓരോ വർഷവും ഫീൽഡ് പരിശോധന നടത്തി വാർഡ് തലത്തിൽ ലിസ്റ്റ് കാലികമാക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-13 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന വിധം ഡെപ്പോസിറ്റ് തുകകളുടെ നീക്കിയിരിപ്പ് കാണുന്നു. ഇതിൽ 3 വർഷം കഴിഞ്ഞിട്ടുള്ള ഡെപ്പോസിറ്റ് തുകകളെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

| ക്രമ നം. | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 1 | കോൺട്രാക്ടേഴ്സ് ഇ എം ഡി | 136075 |
| 2 | സപ്ലയേഴ്സ് ഇ എം ഡി | 9250 |
| 3 | ബിഡ്ഡേഴ്സ് ഇ എം ഡി | 74085 |
| 4 | കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 25937 |
| 5 | സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 101998 |
| 6 | ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2635 |
| 7 | കോൺട്രാക്ടേഴ്സ് റിറ്റൻഷൻ | 35136 |
| 8 | മറ്റ് ഡെപ്പോസിറ്റുകൾ | 16247 |
| 9 | റെന്റ് ഡെപ്പോസിറ്റ് | 29603 |
| 10 | ഓക്ഷൻ ഡെപ്പോസിറ്റ് | 168286 |
| 11 | വാട്ടർ ഡെപ്പോസിറ്റ് | 248855 |
| 12 | ലൈബ്രറി ഡെപ്പോസിറ്റ് | 25780 |
| 13 | ഹാളുകൾക്കും ഓഡിറ്റോറിയത്തിനും ലഭിച്ച ഡെപ്പോസിറ്റ് | 256 |
| 14 | മറ്റ് ഡെപ്പോസിറ്റ് വരവുകൾ | 41156 |

# 1-14 വസ്തുനികുതി കുറവായി നിർണ്ണയിച്ചു

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ 100 ച മീ മുകളിൽ വിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് ബാധകമായതിലും കുറവായാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്. വസ്തുനികുതി പുനർനിർണ്ണയിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

എ.1)

| ഉടമസ്ഥന്റെ | വാർഡ് | കെട്ടിടത്തിന്റ | നിർണയിച്ച നികുതി അർഹതപ്പെട്ട | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|

| പേര് | നമ്പരും കെട്ടിട നമ്പരും | വിസ്തൃതി (ച.മീ.)/നില | വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 40 രൂപാ നിരക്കിൽ) | അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 60 രൂപ നിരക്കിൽ) | |
|---|---|---|---|---|---|
| അബ്ദുൾ മജീദ്, കരിവന്നൂർത്തറ | 5/1792 | 19.41 | അടിസ്ഥാനനികുതി-19.41*40=776.4<br>വർദ്ധനവ്-155.28(20%)<br>ആകെ-932<br>ലൈബ്രറി സെസ്-47<br>ആകെ-979 | അടിസ്ഥാനനികുതി-19.41*60=1164.6<br>വർദ്ധനവ്-232.92(20%)<br>ആകെ-1398<br>ലൈബ്രറി സെസ്-70<br>ആകെ-1468 | 489 |
| | 5/1793 | 17.38 | അടിസ്ഥാന നികുതി-17.38*40=695.2<br>വർദ്ധനവ്-139.04(20%)<br>ആകെ-835<br>ലൈബ്രറി സെസ്-42<br>ആകെ-877 | അടിസ്ഥാന നികുതി-17.38*60=1042.8<br>വർദ്ധനവ്-208.56(20%)<br>ആകെ-1252<br>ലൈബ്രറി സെസ്-63<br>ആകെ-1315 | 438 |
| | 5/1794 | 19.22 | അടിസ്ഥാനനികുതി-19.22*40=768.8<br>വർദ്ധനവ്-153.76(20%)<br>ആകെ-923<br>ലൈബ്രറി സെസ്-47<br>ആകെ-970 | അടിസ്ഥാന നികുതി-19.22*60=1153.2<br>വർദ്ധനവ്-230.64(20%)<br>ആകെ-1384<br>ലൈബ്രറി സെസ്-70<br>ആകെ-1454 | 484 |
| | 5/1795 | 19.22 | അടിസ്ഥാനനികുതി-19.22*40=768.8<br>വർദ്ധനവ്-153.76(20%)<br>ആകെ-923<br>ലൈബ്രറി സെസ്-47<br>ആകെ-970 | അടിസ്ഥാന നികുതി-19.22*60=1153.2<br>വർദ്ധനവ്-230.64(20%)<br>ആകെ-1384<br>ലൈബ്രറി സെസ്-70<br>ആകെ-1454 | 484 |
| | 5/1796 | 19.22 | അടിസ്ഥാനനികുതി-19.22*40=768.8<br>വർദ്ധനവ്-153.76(20%)<br>ആകെ-923<br>ലൈബ്രറി സെസ്-47<br>ആകെ-970 | അടിസ്ഥാനനികുതി-19.22*60=1153.2<br>വർദ്ധനവ്-230.64(20%)<br>ആകെ-1384<br>ലൈബ്രറി സെസ്-70<br>ആകെ-1454 | 484 |
| | 5/1797 | 20.56 | അടിസ്ഥാനനികുതി-20.56*40=822.4<br>വർദ്ധനവ്-164.48(20%)<br>ആകെ-987<br>ലൈബ്രറി സെസ്-50<br>ആകെ-1037 | അടിസ്ഥാനനികുതി-20.56*60=1233.6<br>വർദ്ധനവ്-246.72(20%)<br>ആകെ-1481<br>ലൈബ്രറി സെസ്-74<br>ആകെ-1555 | 518 |
| | 5/1798 | 20.85 | അടിസ്ഥാനനികുതി-20.85*40=834<br>വർദ്ധനവ്-166.8(20%)<br>ആകെ-1001<br>ലൈബ്രറി സെസ്-51<br>ആകെ-1052 | അടിസ്ഥാനനികുതി-20.85*60=1251<br>വർദ്ധനവ്-250.2(20%)<br>ആകെ-1501<br>ലൈബ്രറി സെസ്-75<br>ആകെ-1576 | 524 |
| | | | | ആകെ കുറവ് | 3421 |

എ.2)

| ഉടമസ്ഥന്റെ പേര് | വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ.)/നില | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 40 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 60 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| കാജാ | 7/421 | 39.8 | അടിസ്ഥാനനികുതി-39.8*40=1592 | അടിസ്ഥാനനികുതി-39.8*60=2388 | 1003 |

| | | | | | |
|---|---|---|---|---|---|
| ഹസ്സൈൻ<br>കിഴക്കേത്തല,<br>കൊടുവായൂർ | | | വർദ്ധനവ്-318.4(20%)<br>ആകെ-1911<br>ലൈബ്രറി സെസ്-96<br>ആകെ-2007 | വർദ്ധനവ്-476.6(20%)<br>ആകെ-2866<br>ലൈബ്രറി സെസ്-144<br>ആകെ-3010 | |
| | 7/422 | 35.66 | അടിസ്ഥാനനികുതി-35.66*40=1426.4<br>വർദ്ധനവ്-285.28(20%)<br>ആകെ-1712<br>ലൈബ്രറി സെസ്-86<br>ആകെ-1798 | അടിസ്ഥാനനികുതി-35.66*60=2139.6<br>വർദ്ധനവ്-427.92(20%)<br>ആകെ-2568<br>ലൈബ്രറി സെസ്-129<br>ആകെ-2697 | 899 |
| | 7/423 | 39.8 | അടിസ്ഥാനനികുതി-39.8*40=1592<br>വർദ്ധനവ്-318.4(20%)<br>ആകെ-1911<br>ലൈബ്രറി സെസ്-96<br>ആകെ-2007 | അടിസ്ഥാനനികുതി-39.8*60=2388<br>വർദ്ധനവ്-476.6(20%)<br>ആകെ-2866<br>ലൈബ്രറി സെസ്-144<br>ആകെ-3010 | 1003 |
| | 7/424 | 19.02 | അടിസ്ഥാനനികുതി-19.02*40=760.8<br>വർദ്ധനവ്-152.16(20%)<br>ആകെ-913<br>ലൈബ്രറി സെസ്-46<br>ആകെ-959 | അടിസ്ഥാനനികുതി-19.02*60=1141.2<br>വർദ്ധനവ്-228.24(20%)<br>ആകെ-1370<br>ലൈബ്രറി സെസ്-69<br>ആകെ-1439 | 480 |
| | 7/425 | 39.8 | അടിസ്ഥാനനികുതി-39.8*40=1592<br>വർദ്ധനവ്-318.4(20%)<br>ആകെ-1911<br>ലൈബ്രറി സെസ്-96<br>ആകെ-2007 | അടിസ്ഥാനനികുതി-39.8*60=2388<br>വർദ്ധനവ്-476.6(20%)<br>ആകെ-2866<br>ലൈബ്രറി സെസ്-144<br>ആകെ-3010 | 1003 |
| | 7/426 | 35.66 | അടിസ്ഥാനനികുതി-35.66*40=1426.4<br>വർദ്ധനവ്-285.28(20%)<br>ആകെ-1712<br>ലൈബ്രറി സെസ്-86<br>ആകെ-1798 | അടിസ്ഥാനനികുതി-35.66*60=2139.6<br>വർദ്ധനവ്-427.92(20%)<br>ആകെ-2568<br>ലൈബ്രറി സെസ്-129<br>ആകെ-2697 | 899 |
| | 7/427 | 39.8 | അടിസ്ഥാനനികുതി-39.8*40=1592<br>വർദ്ധനവ്-318.4(20%)<br>ആകെ-1911<br>ലൈബ്രറി സെസ്-96<br>ആകെ-2007 | അടിസ്ഥാനനികുതി-39.8*60=2388<br>വർദ്ധനവ്-476.6(20%)<br>ആകെ-2866<br>ലൈബ്രറി സെസ്-144<br>ആകെ-3010 | 1003 |
| | 7/428 | 19.02 | അടിസ്ഥാനനികുതി-19.02*40=760.8<br>വർദ്ധനവ്-152.16(20%)<br>ആകെ-913<br>ലൈബ്രറി സെസ്-46<br>ആകെ-959 | അടിസ്ഥാനനികുതി-19.02*60=1141.2<br>വർദ്ധനവ്-228.24(20%)<br>ആകെ-1370<br>ലൈബ്രറി സെസ്-69<br>ആകെ-1439 | 480 |
| | | | | ആകെ കുറവ് | 6770 |

എ.3)

| ഉടമസ്ഥന്റെ പേര് | വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ.)/നില | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 40 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 60 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| കാജാ ഹുസ്സൈൻ കിഴക്കേത്തല, കൊടുവായൂർ | 10/806 | 41.7 | അടിസ്ഥാനനികുതി-41.7*40=1668<br>വർദ്ധനവ്-333.6(20%)<br>ആകെ-2002<br>ലൈബ്രറി സെസ്-101<br>ആകെ-2103 | അടിസ്ഥാനനികുതി-41.7*60=2502<br>വർദ്ധനവ്-500.4(20%)<br>ആകെ-3003<br>ലൈബ്രറി സെസ്-151<br>ആകെ-3154 | 1051 |
| | 10/807 | 38.13 | അടിസ്ഥാനനികുതി-38.13*40=1525.2<br>വർദ്ധനവ്-305.04(20%)<br>ആകെ-1831<br>ലൈബ്രറി സെസ്-92<br>ആകെ-1923 | അടിസ്ഥാനനികുതി-38.13*60=2287.8<br>വർദ്ധനവ്-457.56(20%)<br>ആകെ-2746<br>ലൈബ്രറി സെസ്-138<br>ആകെ-2884 | 961 |
| | 10/808 | 38.13 | അടിസ്ഥാനനികുതി-38.13*40=1525.2<br>വർദ്ധനവ്-305.04(20%)<br>ആകെ-1831<br>ലൈബ്രറി സെസ്-92<br>ആകെ-1923 | അടിസ്ഥാനനികുതി-38.13*60=2287.8<br>വർദ്ധനവ്-457.56(20%)<br>ആകെ-2746<br>ലൈബ്രറി സെസ്-138<br>ആകെ-2884 | 961 |
| | 10/809 | 41.7 | അടിസ്ഥാനനികുതി-41.7*40=1668<br>വർദ്ധനവ്-333.6(20%)<br>ആകെ-2002<br>ലൈബ്രറി സെസ്-101<br>ആകെ-2103 | അടിസ്ഥാനനികുതി-41.7*60=2502<br>വർദ്ധനവ്-500.4(20%)<br>ആകെ-3003<br>ലൈബ്രറി സെസ്-151<br>ആകെ-3154 | 1051 |
| | 10/810 | 38.13 | അടിസ്ഥാനനികുതി-38.13*40=1525.2<br>വർദ്ധനവ്-305.04(20%)<br>ആകെ-1831<br>ലൈബ്രറി സെസ്-92<br>ആകെ-1923 | അടിസ്ഥാനനികുതി-38.13*60=2287.8<br>വർദ്ധനവ്-457.56(20%)<br>ആകെ-2746<br>ലൈബ്രറി സെസ്-138<br>ആകെ-2884 | 961 |
| | 10/811 | 38.19 | അടിസ്ഥാനനികുതി-38.19*40=1527.6<br>വർദ്ധനവ്-305.52(20%)<br>ആകെ-1834<br>ലൈബ്രറി സെസ്-92<br>ആകെ-1926 | അടിസ്ഥാനനികുതി-38.19*60=2291.4<br>വർദ്ധനവ്-458.28(20%)<br>ആകെ-2750<br>ലൈബ്രറി സെസ്-138<br>ആകെ-2888 | 962 |
| | | | | ആകെ കുറവ് | 5947 |

മേൽ വിവരങ്ങൾ സൂചിപ്പിച്ച് നൽകിയ 12.11.19ലെ ഓഡിറ്റ് അന്വേഷണം-9ന് മറുപടിയായി സഞ്ചയയിൽ വിവരങ്ങൾ ചേർക്കുവാൻ കഴിയാത്തതുമൂലമാണ് നികുതി കുറച്ച് നിർണ്ണയിച്ചതെന്ന് അറിയിച്ചിരുന്നു. ആവശ്യമായ മാറ്റങ്ങൾ വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി)100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി 100 ച.മീ കുറവുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ നിരക്കിൽ നിർണ്ണയിച്ചിരിക്കുന്നു.

| ഉടമസ്ഥന്റെ പേര് | വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 40 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 60 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| നൗഷാദ് ഫക്കീർ | 8/934 | 125 | അടിസ്ഥാനനികുതി-125*40=5000<br>ഇളവ്-500(10%) | അടിസ്ഥാനനികുതി-125*60=7500<br>ഇളവ്-750(10%) | 2363 |

| | | | | | |
|---|---|---|---|---|---|
| | | | ആകെ-4500<br>ലൈബ്രറി സെസ്-225<br>ആകെ-4725 | ആകെ-6750<br>ലൈബ്രറി സെസ്-338<br>ആകെ-7088 | |
| | | | ആകെ കുറവ് | | 2363 |

സി)<u>വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്</u>

2018-19 സാമ്പത്തിക വർഷാവസാനത്തിൽ നില നിൽക്കുന്ന വസ്തു നികുതിയുടെ കുടിശ്ശിക വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | തുക (₹) |
|---|---|---|
| 1 | തൻവർഷ കുടിശ്ശിക | 3,61,291/- |
| 2 | മുൻവർഷങ്ങളിലെ കുടിശ്ശിക | 3,82,507/- |
| | ആകെ | 7,43,798/- |

വസ്തുനികുതി പിരിവ് ഊർജ്ജിതമാക്കേണ്ടതും കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഡി)<u>മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്</u>

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നം. | വാർഡ് നം/ കെട്ടിട നം | ഉടമയുടെ പേര് | ഇൻസ്റ്റാൾ ചെയ്ത വർഷം | നിർണ്ണയിച്ച വസ്തു നികുതി | കുടിശ്ശിക തുക,വർഷം |
|---|---|---|---|---|---|
| 1 | 5/161 | റിലയൻസ് | 2005 | 9410 | 56914 |
| 2 | 5/1555 | ടാറ്റ ടെലികോം | 2008 | 13608 | 81875 |
| | | | ആകെ | | 1,38,789 |

# 1-15 ക്യാൻസൽ ചെയ്യുന്ന രശീതികളിൽ കാരണമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്

രശീതി നം 51, 35593 പ്രകാരം രാമകൃഷ്ണൻ പുല്ലാറോഡ് എന്നയാളിൽ നിന്നും വസ്തുനികുതി ഇനത്തിൽ തുക ഈടാക്കിയിട്ടുണ്ട്. എന്നാൽ ടി രശീതി ക്യാൻസൽ ചെയ്തിട്ടില്ലെങ്കിലും കളക്ഷൻ രജിസ്റ്ററിൽ ക്യാൻസൽഡ് രശീതി ആയാണ് എഴുതിയിട്ടുള്ളത്. ഡ്യൂപ്ലിക്കേറ്റ് കോപ്പി നഷ്ടപ്പെട്ടതു മൂലമാണ് ക്യാൻസൽ ചെയ്യാതിരുന്നത് എന്നാണ് 12.11.19 ലെ ഓഡിറ്റ് അന്വേഷണം 13 ന് മറുപടിയായി അറിയിച്ചിട്ടുള്ളത്. പല രശീതികളും ക്യാൻസൽ ചെയ്യുമ്പോൾ കാരണമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

ഉദാ-6, 35579
28, 35579

99, 35597

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-16 വാടക-അപാകതകൾ പരിഹരിക്കേണ്ടതാണ്

എ)<u>വാടക ബൈലോ തയ്യാറാക്കിയിട്ടില്ല</u>

പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള കംഫർട്ട് സ്റ്റേഷൻ, 59 മുറികൾ എന്നിവ വാടകക്ക് നൽകിയിട്ടുണ്ടെങ്കിലും ബൈലോ തയ്യാറാക്കിയതായി കാണുന്നില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരം ആയതിന് ബൈലോ തയ്യാറാക്കി നാളിതുവരെ സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കിയതായി കാണുന്നില്ല. ചട്ടം 3 (6)പ്രകാരം സർക്കാരിന്റെയോ,സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം കിട്ടുന്നതുവരെ ബൈലോയ്ക്കോ അല്ലെങ്കിൽ ബൈലോയുടെ റദ്ദാക്കലിനോ യാതൊരു പ്രാബല്യവും ഉണ്ടായിരിക്കുന്നതല്ല. സർക്കാർ അംഗീകൃത

ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി വാടക സംബന്ധിച്ച ബൈലോ 2015-16 വർഷത്തിൽ തയ്യാറാക്കിയിരുന്നുവെന്നും ആയത് അംഗീകാരത്തിനായി പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചിട്ടുള്ളതുമാണെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം -19, തീയതി 13.11.2019) തുടർനടപടികൾ അറിയിക്കേണ്ടതാണ്.

ബി)<u>വാടക കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്</u>

പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള കംഫർട്ട് സ്റ്റേഷൻ, മുറികൾ എന്നിവക്ക് വാടക നൽകിയ ഇനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ 4,33,486/- രൂപയും മുൻവർഷങ്ങളിലെ 5,69,382 രൂപയും കുടിശ്ശികയായി നില നിൽക്കുന്നു. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം-19 ന് മറുപടിയായി കുടിശ്ശിക തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം -19, തീയതി 13.11.2019) തുടർനടപടികൾ അറിയിക്കേണ്ടതാണ്.

# 1-17 ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പു പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214 ഉപവകുപ്പ് 1(എ)(1) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ബഡ്ജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.

കൊടുവായൂർ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി ഡിസംബർ 15 ന മുമ്പ് യോഗം വിളിച്ചുചേർക്കണമെന്ന സമയക്രമം പാലിച്ചിട്ടില്ല. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജനുവരി 22 ന മുമ്പ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം വിളിച്ചു ചേർത്തിട്ടില്ല. ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തതായി കാണുന്നില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കേരളത്തിലെ പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിലെ (സ.ഉ(സാധാ) നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം) മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പൂർണ്ണമായും പാലിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. നടപടിക്രമങ്ങൾ പാലിക്കാത്തത് യഥാർത്ഥത്തിൽ ആവശ്യമായ തുക വാർഷിക ബജറ്റിൽ വകയിരുത്താതെ പോകുന്നതിന് ഇടയാക്കുമെന്ന കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-18 കുടിവെള്ള പദ്ധതികൾ പഞ്ചായത്തിന്റെ തീരാബാധ്യതയായിട്ടും ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നില്ല

കേരള വാട്ടർ അതോറിറ്റിയുടേതുൾപ്പെടെ പഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന 11 കുടിവെള്ള പദ്ധതികളാണ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളത്. പഞ്ചായത്ത് തയ്യാറാക്കിയ അരിയർ ലിസ്റ്റ് പ്രകാരം 6497740 രൂപ കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. പഞ്ചായത്തിന്റെ കണക്കിൽ 1247 ഗുണഭോക്താക്കളാണ് ആകെയുള്ളത്. ഇവരിൽ നിന്നും 2014-15 മുതൽ 2018-19 വരെയായി 3551897 രൂപ വെള്ളക്കരമായി പിരിച്ചെടുത്തിട്ടുണ്ടെങ്കിലും ആയതിൽ ജല അതോറിറ്റിക്ക് നൽകേണ്ട തുക സമയാസമയങ്ങളിൽ അടവാക്കാതെ പഞ്ചായത്ത് അക്കൌണ്ടിൽ നിക്ഷേപിച്ചു വരുന്നതായും കാണുന്നു. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്നായി വെള്ളക്കരം ഇനത്തിൽ താഴെ പറയുംവിധം തുകകൾ അടവാക്കിയിട്ടുണ്ട്.

| വർഷം | അടവാക്കിയ തുക |
|---|---|
| 2017-18 | 806000 |
| 2018-19 | 864726 |
| 2019-20 | 864726 |

കേരള വാട്ടർ അതോറിറ്റിയുടെ കണക്ക പ്രകാരം പഞ്ചായത്തിന്റെ നാളിതുവരെയുള്ള വെള്ളക്കരം കുടിശ്ശിക 2കോടി 12 ലക്ഷം രൂപയായിരുന്നു. ആയത് പഞ്ചായത്തും ജല അതോറിറ്റിയും തമ്മിൽ ധാരണയായതിന്റെ അടിസ്ഥാനത്തിൽ 62 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിവരുന്ന പ്രതിമാസ വെള്ളക്കരം 75 രൂപയാണ്. ഉപഭോഗത്തിന് പരിധിയില്ല. എന്നിട്ടും മേൽ തുക തന്നെ കൃത്യമായി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്ത് ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികളുടെ വരവ് -ചെലവ് വിവരം ചുവടെ ചേർക്കുന്നു

| ഇനം | വരവ് | ചെലവ് | അധിക ബാധ്യത |
|---|---|---|---|
| വെള്ളക്കരം | 829986 | | |
| ശമ്പളം | | 237600 | |
| dws ഇലക്ട്രിസിറ്റി ചാർജ്ജ് | | 515846<br>259839 | |
| പൊതു ടാപ്പുകൾ | | 1100512 | |
| റിപ്പയർ | | 78415 | |
| ആകെ | 829986 | 2192212 | 1362226 |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം. 24 തീയതി 16.11.2019) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിൽ കുടിവെള്ള കണക്ഷൻ സംബന്ധിച്ച് കൃത്യമായ ഒരു ഡാറ്റ നിലവിലില്ലെന്നും, ഹൗസ് കണക്ഷൻ എടുത്തവരിൽ പലരും ഗുണഭോക്തൃ സമിതികൾ നടത്തുന്ന കുടിവെള്ള പദ്ധതികളിലേക്കും ജലനിധി പദ്ധതികളിലേക്കും മാറിയതിനാൽ നിലവിലുള്ള യഥാർത്ഥ ഗുണഭോക്താക്കളെ തിരിച്ചറിയാൻ പറ്റാത്ത സാഹചര്യമാണുള്ളതെന്നും അറിയിച്ചിട്ടുണ്ട്.

കുടിവെള്ള വിതരണം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്ന ഇനമല്ല. ഗാർഹിക കണക്ഷനുകൾ പരമാവധി പ്രോൽസാഹിപ്പിച്ച് കുടിവെള്ളം ഉറപ്പു വരുത്തി പൊതു ടാപ്പുകൾ ഘട്ടംഘട്ടമായി കുറയ്ക്കാനും, പുതിയ കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്യുന്ന മുറയ്ക്ക് ഗുണഭോക്തൃ സമിതികൾക്ക് കൈമാറാനുമാണ് സർക്കാർ നിർദ്ദേശം. എന്നിട്ടും സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത കണക്കിലെടുക്കാതെ പത്തോളം കുടിവെള്ള പദ്ധതികൾ പ്രതി വർഷം 13 ലക്ഷത്തിലധികം അധികബാധ്യത വരുത്തി പഞ്ചായത്ത് പരിപാലിച്ചു വരുന്നതിന്റെ ആവശ്യകത പുനപരിശോധിക്കേണ്ടതാണ്. നിലവിൽ പഞ്ചായത്ത് നേരിട്ട് പ്രവർത്തിപ്പിക്കുന്ന സ്കീമുകളിൽ 10 എണ്ണത്തിനാണ് വൈദ്യുതികരം ഒടുക്കിവരുന്നത് ആയതിൽ 2 എണ്ണം (രാജാകുളം കുടിവെള്ള പദ്ധതി, കുരുടംകുളമ്പ് കുടിവെള്ള പദ്ധതി) യഥാർത്ഥത്തിൽ പ്രവർത്തനരഹിതമാണെന്നാണ് പമ്പ് ഓപ്പറേറ്റർ ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. ആയതിന്റെ നിജസ്ഥിതി പരിശോധിക്കേണ്ടതും പ്രവർത്തിക്കാത്ത കുടിവെള്ള പദ്ധതികൾക്ക് വൈദ്യുതികരം ഒടുക്കുന്നുണ്ടെങ്കിൽ കണക്ഷൻ വിച്ഛേദിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്. കേരള ജല അതോറിറ്റി മുഖേന ജലവിതരണം നടത്തുന്ന പദ്ധതിയിൽ ബൾക്ക് മീറ്റർ റീഡിംങ് പ്രകാരമാണ് വെള്ളക്കരം നിജപ്പെടുത്തുന്നതെങ്കിലും ആയത് പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. മേൽപ്പറഞ്ഞ പദ്ധതികൾക്ക പുറമേ ജലനിധി സ്കീം മുഖേനയും പഞ്ചായത്തിൽ കുടിവെള്ള വിതരണം നടക്കുന്നുണ്ട്. ജലനിധി പദ്ധതിയുടെ സാധ്യതകൾ മനസ്സിലാക്കി വേണ്ടവിധം ഉപയുക്തമാക്കിയിരുന്നുവെങ്കിൽ പഞ്ചായത്തിന് നിലവിലുള്ള സാമ്പത്തിക ബാധ്യത ഒരു പരിധിവരെ ഒഴിവാക്കാൻ ആവുമായിരുന്നു. നിലവിൽ വെള്ളക്കരം കുടിശ്ശിക ഇനത്തിൽ പഞ്ചായത്തിന് ഗുണഭോക്താക്കളിൽ നിന്നും ലഭിക്കേണ്ട തുക 6497740 രൂപ ഉടനടി പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറാത്ത സ്കീമുകളുടെ കാര്യത്തിൽ അവ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കി കൈമാറാനുള്ള നടപടികൾ ഉണ്ടാവേണ്ടതുമാണ്.

## 1-19 ഖരമാലിന്യ പദ്ധതി - സുസ്ഥിര സംവിധാനം

# നടപ്പിലാക്കുന്നതിൽ വീഴ്ച- തുടർ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്

ഖരമാലിന്യ പദ്ധതിക്ക് സ്ഥിരം സംവിധാനം ഒരുക്കുന്നതിനായി പഞ്ചായത്ത് കഴിഞ്ഞ വർഷങ്ങളിലായി വിവിധ പദ്ധതികൾ രൂപീകരിച്ചെങ്കിലും അവ യഥാവിധി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പ്ലാസ്റ്റിക് മാലിന്യം പ്രൊസ്സസ്സിങ്ങ്, മണ്ണിര കംപോസ്റ്റ് യൂണിററ്, വേസ്റ്റ് യാർഡ് വിപുലീകരണം എന്നീ പദ്ധതിക്കായി മുൻവർഷങ്ങളിൽ തുക വകയിരുത്തിയെങ്കിലും പ്രായോഗികമല്ല എന്ന കാരണത്താൽ പിന്നീട് ഉപേക്ഷിക്കുകയാണ് ഉണ്ടായത്. ജൈവവള നിർമ്മാണത്തിന് ആധുനിക സൗകര്യങ്ങളോടുകൂടിയ മെഷീൻ എന്ന പ്രൊജക്ടിനും തുക (1635000/-) വകയിരുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത പദ്ധതിയും നടപ്പിലാക്കിയിട്ടില്ല.

ഖര മാലിന്യ സംസ്കരണത്തിനായി പഞ്ചായത്ത് ചെമ്പോത്തുകുളമ്പ് എന്ന സ്ഥലത്ത് മാലിന്യ പ്ലാന്റ് സ്ഥാപിച്ച് 2004-05 വർഷം മുതൽതന്നെ മണ്ണിര കംപോസ്റ്റ് പ്ലാന്റ്, ചുറ്റമതിൽ എന്നിവ നിർമ്മിച്ച് ശേഖരിക്കുന്ന മാലിന്യങ്ങൾ പ്രസ്തുത പ്ലാന്റിലേക്ക് എത്തിക്കുകയും ആയത് മണ്ണിര കംപോസ്റ്റ് ജൈവവളമാക്കി വിപണനം നടത്തുന്നതിന് ഓരോ വർഷവും അതിന്റെ അവകാശം ലേലം ചെയ്ത് വന്നിട്ടുള്ളതുമാണ്. എന്നാൽ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലും പഞ്ചായത്തിന് ഈ ഇനത്തിൽ വരവില്ല. മാലിന്യങ്ങൾ ശേഖരിക്കുന്നതിന് പഞ്ചായത്തിൽ 8 കണ്ടിൻജന്റ് തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ആയതിന് ഒരു ട്രാക്ടറും 2018-19 ൽ ഒരു മിനി ട്രാക്ടറും വാങ്ങിയിട്ടുണ്ട്.

ജൈവ, അജൈവമാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്ന പദ്ധതി പഞ്ചായത്ത് നേരിട്ട് നടപ്പിലാക്കുന്ന പക്ഷം ആയതിന് യൂസർഫീ നൽകാൻ തയ്യാറാണെന്നും വ്യാപാരികൾ അറിയിച്ചതായി കാണുന്നു.എന്നാൽ കഴിഞ്ഞവർഷങ്ങളിലൊന്നും യൂസർഫീ ഇനത്തിലും പഞ്ചായത്തിന് വരവില്ല.
ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ അവസ്ഥാ-വിശകലനം നടത്തിയതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. സഞ്ചയ റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 10141 ഗാർഹിക ഉണഭോക്താക്കളുണ്ട്
2. പഞ്ചായത്ത് പരിധിയിൽ സൃഷ്ടിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ്, സ്വഭാവം, സ്രോതസ്സ് എന്നിവ സർവ്വെ നടത്തി തിട്ടപ്പെടുത്തിയിട്ടില്ല.
3. ഗ്രാമപഞ്ചായത്ത് നിലവിൽ ശുചീകരണ തൊഴിലാളികൾ മുഖേന മാലിന്യങ്ങൾ നീക്കം ചെയ്യുന്നുണ്ടെങ്കിലും ആയത് ശാസ്ത്രീയമായി സംസ്കരിക്കുന്ന രീതി നിലവിലില്ല.
4. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനക്ഷമമല്ല. ഹരിത കർമ്മ സേനയിലേക്ക് അപേക്ഷ ക്ഷണിച്ച്, അപേക്ഷകരിൽ നിന്നു താത്പര്യപത്രം വാങ്ങി, ഹരിതകർമ്മസേനയുമായി കരാറിലേർപ്പെട്ടിട്ടുമില്ല.
5. ഹരിത കർമ്മസേനയുടെ സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിനുതകുന്ന നിരക്കിൽ വിവിധ വിഭാഗങ്ങളുടെ യൂസർഫീ നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ടെങ്കിലും ആയത് പ്രാബല്യത്തിലായിട്ടില്ല.
6. ഹരിത കേരള മിഷൻ അംഗീകരിച്ച മുണ്ടൂർ IRTC യെ ഗ്രാമപഞ്ചായത്ത് ഹരിതസഹായ സ്ഥാപനമായി തെരഞ്ഞെടുത്തിട്ടുണ്ട്. മാലിന്യ സർവ്വെ പ്രകാരം ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്ത് പ്രസ്തുത സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഒരു പൂർണ്ണ പ്രവർത്തന പദ്ധതി തയ്യാറാക്കേണ്ടതും. പ്രവർത്തന പദ്ധതിയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്.
7. വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിൽ താത്കാലികമായി ശേഖരിച്ച് സൂക്ഷിക്കുന്നതിന് സംവിധാനമുണ്ടായിട്ടും വേണ്ടവിധം ഉപയുക്തമാക്കുന്നില്ല.
8. ആവശ്യകതാ നിർണ്ണയ സർവ്വെ നടത്തി ജൈവ മാലിന്യ സംസ്കരണത്തിന് മുഴുവൻ വീടുകളിലും ഉടമയുടെ സ്വന്തം ചെലവിൽ ജൈവ മാലിന്യ സംസ്കരണ സംവിധാനം നിലവിലുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്
9. പൊതു ഇടങ്ങളിൽ മാലിന്യങ്ങൾ സംഭരിച്ച് സൂക്ഷിക്കുന്നതും യഥാസമയം സംസ്കരിക്കാത്തതും പാരിസ്ഥിതികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ സൃഷ്ടിക്കാനിടയുള്ളതിനാൽ മാലിന്യ സംസ്കരണം എന്ന വെല്ലുവിളി പരിഹരിക്കുന്നതിനും ഇവ യഥാവിധി കൈകാര്യം ചെയ്യുന്നതിനും പഞ്ചായത്ത് ജാഗ്രത പുലർത്തേണ്ടതാണ്.
10. ജൈവവള നിർമ്മാണം വിപുലീകരിക്കുന്നതിന് നടപ്പിലാക്കിയ ജൈവവള നിർമ്മാണത്തിന് ആധുനിക സൗകര്യങ്ങളോടുകൂടിയ മെഷീൻ, പ്ലാന്റിലേക്ക് വേണ്ട മാലിന്യങ്ങൾ ശേഖരിക്കുന്നതിന് മിനി ട്രാക്ടർ വാങ്ങൽ

തുടങ്ങിയ പദ്ധതികൾ 2018-19 വർഷത്തിൽ നടപ്പിലാക്കിയെങ്കിലും നാളിതുവരെയായി ഇവ ഫലപ്രദമായി ഉപയുക്തമാക്കിയിട്ടില്ല.

പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖരമാലിന്യപരിപാലന നിയമാവലി കരട് തയ്യാറാക്കി സർക്കാരിൽ നിന്നും ബൈലോക്ക് അംഗീകാരം വാങ്ങിയിട്ടില്ല

ഓഡിറ്റ് വിലയിരുത്തലുകളും, നിർദ്ദേശങ്ങളും

ഖരമാലിന്യമുൾപ്പടെയുള്ള മാലിന്യങ്ങളുടെ നിർമ്മാർജ്ജനം പ്രാദേശിക സർക്കാരുകളുടെ ചുമതലയാണെന്ന് പ്രസക്തമായ നിയമങ്ങളും ചട്ടങ്ങളും വ്യക്തമാക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തുകളുടെ കാര്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 (എ) മുതൽ219(യു) വരെ നിയമങ്ങൾ മേൽക്കാര്യം വിശദമാക്കുന്നു. കൂടാതെ കേന്ദ്ര സർക്കാർ 2016 ൽ പുറപ്പെടുവിച്ച താഴെ പറയുന്ന ചട്ടങ്ങളും ഇതിനനുസൃതമായി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖകളും മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ പ്രാദേശിക സർക്കാരുകളുടെ ഇടപെടലിന്റെ തോത് എത്രത്തോളമെന്ന് വ്യക്തമാക്കുന്നു.

സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ/മാർഗ്ഗനിർദ്ദേശങ്ങൾ

1) 26.5.17ലെ ഹരിതകേരള മിഷൻ ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ

2)15.7.17 ലെ MS 2420/17/ LSGD നമ്പർ ഉത്തരവ് പ്രകാരമുള്ള ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ

കേരള പഞ്ചായത്ത് ആക്ടിലെ മേൽപറഞ്ഞ നിയമങ്ങൾ മാലിന്യ നിർമ്മാർജ്ജനത്തിൽ ഗ്രാമസഭയുടെ ഉത്തരവാദിത്വം വ്യക്തമാക്കുന്നതോടൊപ്പം തന്നെ ഗ്രാമപഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളുടെ ഉടമസ്ഥർക്കും താമസക്കാർക്കും മറ്റ് മാലിന്യ സൃഷ്ടാക്കൾക്കുമുള്ള ഉത്തരവാദിത്വങ്ങളും വിശദമാക്കുന്നു. ചവറും ഖരാവസ്ഥയിലുള്ള മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള ഏർപ്പാട് ചെയ്യണമെന്നും (സെക്ഷൻ 219A) വീടുവീടാന്തരമുള്ള ചവറു ശേഖരണത്തിന് ഏർപ്പാട് ചെയ്യാമെന്നും (സെക്ഷൻ 219D) ഖരമാലിന്യങ്ങൾ ആത്യന്തികമായി കൈയ്യൊഴിയുന്നതിന് ആവശ്യമായ സ്ഥലവും സംവിധാനവും ഒരുക്കുകയെന്നും (സെക്ഷൻ 219 F) മാലിന്യവും മറ്റും നീക്കം ചെയ്യുന്നതിന് മൂടിയുള്ള വണ്ടി ഉപയോഗിക്കണമെന്നും (സെക്ഷൻ 219M) ഗ്രാമ പഞ്ചായത്തിന്റെ ഉത്തരവാദിത്വങ്ങളിൽ പെടുമ്പോൾ മാലിന്യങ്ങൾ ശേഖരിക്കുകയും നിക്ഷേപിക്കുകയും ചെയ്യുന്നതിന് കെട്ടിട ഉടമസ്ഥർക്കും താമസക്കാർക്കും ഉള്ള കർത്തവ്യം മറ്റ് സെക്ഷനുകളിൽ (219B, G, I, K തുടങ്ങിയവ) വ്യക്തമാക്കപ്പെടുന്നു.

നിയമത്തിലെ മേൽ വ്യവസ്ഥകൾക്ക് അനുപൂരകമായ നിർദ്ദേശങ്ങൾ തന്നെയാണ് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്.

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ചട്ടങ്ങൾ

1)2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ

2) 2016 ലെ പ്ലാസ്റ്റിക് മാലിന്യ സംസ്കരണ ചട്ടങ്ങൾ

3) 2016 ലെ ഇ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ

4) 2016 ലെ ഹസാർഡസ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ

5)2016 ലെ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ

6)2016 ലെ കൺസ്ട്രക്ഷൻ &ഡിമോളിഷ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ

ഈ ചട്ടങ്ങളിൽ പ്രതിപാദിക്കുന്നതനുസരിച്ച് കേരള സർക്കാർ ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ പോളിസിയും സ്ട്രാറ്റജിയും ഹരിതകേരള മിഷനിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടങ്ങളും ഹരിതകേരള മിഷൻ മാർഗ്ഗരേഖകളും പരിഗണിക്കുമ്പോൾ താഴെ പറയുന്ന നടപടികൾ മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്.

1) 2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടത്തിൻ കീഴിൽ സംസ്ഥാന സർക്കാരുണ്ടാക്കുന്ന പോളിസിക്കും സ്ട്രാറ്റജിക്കും അനുസൃതമായി മേൽ പോളിസി വിജ്ഞാപനം ചെയ്ത് 6 മാസത്തിനുള്ളിൽ ഒരു ഖരമാലിന്യ മാനേജ് മെന്റ് പ്ലാൻ തയ്യാറാക്കേണ്ടതും അതിന്റെ പകർപ്പ് സർക്കാരിനോ സർക്കാർ നിശ്ചയിക്കുന്ന ഏജൻസിക്കോ നല്കേണ്ടതുമാണ്.ഈ പ്ലാൻ തയ്യാറാക്കേണ്ടത് ഹരിതകേരള മിഷന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചായിരിക്കേണ്ടതാണ്.

2) മേൽചട്ടം നിലവിൽ വന്ന് ഒരു വർഷത്തിനകം മേൽ ചട്ടത്തിലെയും പ്ലാസ്റ്റിക് ഖരമാലിന്യ സംസ്കരണ ചട്ടത്തിലെയും വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി ആയതിന്റെ സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തേണ്ടതാണ്. ഈ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെയുള്ള സ്പോട്ട് ഫൈൻ നിശ്ചയിച്ചും 50 മൈക്രോണിൽ കുറഞ്ഞ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിരോധിച്ചും ഈ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെ നിർമ്മിക്കപ്പെടുന്ന പ്ലാസ്റ്റിക് നിരോധിച്ചു കൊണ്ടും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കുള്ള പിഴ നിശ്ചയിച്ചുകൊണ്ടുമുള്ള വ്യവസ്ഥകൾ ബൈലോയുടെ ഭാഗമാകേണ്ടതാണ്. പ്ലാസ്റ്റിക് ക്യാരി ബാഗിൽ സാധനങ്ങൾ നല്കാനാഗ്രഹിക്കുന്ന കച്ചവടക്കാർ ഇക്കാര്യത്തിൽ പ്രതിമാസം 4000/-രൂപ ഒടുക്കി തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും ലൈസൻസ് എടുക്കണമെന്നും പണം വാങ്ങി മാത്രമേ ഇപ്രകാരം ബാഗ് ആവശ്യക്കാർക്ക് നല്കാവൂയെന്നും ഇതിൽ വ്യവസ്ഥ ചെയ്യേണ്ടതാണ് .

3) ജൈവമാലിന്യങ്ങളുടെ കാര്യത്തിൽ ഉറവിട മാലിന്യ സംസ്കരണം ലക്ഷ്യം വയ്ക്കേണ്ടതും പരാമാവധി വീടുകളിലും സ്ഥാപനങ്ങളിലും ഉറവിടമാലിന്യ സംവിധാനങ്ങൾ ഒരുക്കുവനുള്ള പ്രവർത്തനങ്ങൾ വീടുവീടാന്തരം സന്ദർശിച്ച് നടത്തേണ്ടതുമാണ്. ഇത്തരം സംവിധാനങ്ങൾ സ്വന്തം നിലയ്ക്ക് ഒരുക്കാൻ സ്ഥലപരിമിതിയുള്ളവർക്കും തെരുവുശുചീകരണത്തിന്റെ ഭാഗമായുണ്ടാകുന്ന ജൈവമാലിന്യങ്ങൾക്കും വേണ്ടി പൊതുസംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.

4) ഉപയോഗം കുറക്കുക, ഉല്പാദനം കുറക്കുന്നതിലേക്കായി പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണം പ്രോത്സാഹിപ്പിക്കുക എന്നതായിരിക്കണം അജൈവ മാലിന്യത്തോടുള്ള സമീപനം. അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത ഫീസ് ഈടാക്കി നിശ്ചിത ഇടവേളകളിൽ ശേഖരിക്കുക, ഇവ ഇതിനായി തയ്യാറാക്കുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (MRF) സെന്ററിൽ ശേഖരിച്ച് രണ്ടാംഘട്ട തരം തിരിവ് നടത്തി(ഒന്നാം ഘട്ടം ഉറവിടത്തിൽ തന്നെ നടക്കണം) റീ സൈക്ലിംഗ് വ്യവസായത്തിന് നല്കുക, റീ സൈക്ലിംഗിന് വിധേയമാക്കാനാവാത്തവ കഴുകുന്നതിനും ഷ്രഡ്ഡിംഗിന് വിധേയമാക്കുന്നതിനും യന്ത്രവൽകൃത MRF സെന്ററുകൾ സ്ഥാപിക്കുക, ഷ്രഡ്ഡിംഗിന് വിധേയമായവ റോഡ് പ്രവർത്തികൾക്ക് ഉപയോഗപ്പെടുത്തുക എന്നതായിരിക്കണം പ്രവർത്തനരീതി.മേൽ പ്രവർത്തനങ്ങളുടെ മുൻപിൻ ബന്ധം ഉറപ്പുവരുത്തുന്നതിനായി ഖരമാലിന്യങ്ങൾ അനൗപചാരികമായി ശേഖരിക്കുകയും വ്യാപാരം നടത്തുകയും ചെയ്യുന്ന സ്ക്രാപ് ഡീലർമാരെ മേൽ സംവിധാനവുമായി ബന്ധിപ്പിക്കേണ്ടതും അജൈവമാലിന്യങ്ങളുടെ പുനരുപയോഗം ഉറപ്പുവരുത്താൻ സ്വാപ് ഷോപ്പുകൾ (ചിലർക്ക് കൈയ്യൊഴിയേണ്ടതും മറ്റ് ചിലർക്ക് ആവശ്യംവരുന്നതുമായ വസ്തുക്കൾ കൊടുക്കുന്നതിനും വാങ്ങുന്നതിനും ഉള്ള സംവിധാനം)ഇതോടനുബന്ധിച്ച് റിപ്പയർ ഷോപ്പുകൾ എന്നിവ സ്ഥാപിക്കേണ്ടതുമാണ്.

5) അജൈവമാലിന്യങ്ങളുടെ അളവ് കുറക്കുന്നതിനായി ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും ഹരിതമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ (10 നിർദ്ദേശങ്ങൾ) പാലിക്കേണ്ടതാണ് .

6) ക്രമ നം 3,4 എന്നിവയിൽ പ്രതിപാദിച്ച കാര്യങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ട രീതിയിൽ ഹരിതകർമ്മ സേന രൂപീകരിക്കേണ്ടതാണ്. വീടുവീടാന്തരം സന്ദർശിച്ച് ബോധവത്കരണം നടത്തുക, നിലവിലെ മാലിന്യത്തിന്റെ തോത് കണ്ടെത്തി ആസൂത്രണത്തിനായി ഉപയോഗപ്പെടുത്തുക, നിലവിലെ സംസ്കരണ രീതി പരിശോധിക്കുക, ഉപയോഗപ്പെടുത്താവുന്ന സംവിധാനങ്ങൾ പരിചയപ്പെടുത്തുക എന്നിവ ഇവരുടെ പ്രാഥമിക കർത്തവ്യങ്ങളും അജൈവമാലിന്യങ്ങളുടെ ശേഖരണം, ഉണഭോക്താക്കൾക്ക് ആവശ്യമായ സാങ്കേതിക സഹായം നല്കുക, മോണിറ്ററിംഗ് നടത്തുക എന്നിവ തുടർ പ്രവർത്തനങ്ങളുമാകുന്നു. ബോധവൽക്കരണം സർവ്വേ എന്നിവയ്ക്കായി വ്യാപകമായ പ്രചരണം നല്കേണ്ടതുമുണ്ട്.

7) ഹരിതകർമ്മസേനയ്ക്ക് സാങ്കേതികസഹായം ലഭ്യമാക്കുന്നതിന് ഒരു ഹരിതസഹായ സ്ഥാപനത്തിന്റെ സഹായം സ്ഥാപനം ലഭ്യമാക്കേണ്ടതാണ്.പ്രൊഫഷണലായി മാലിന്യപ്രശ്നം കൈകാര്യം ചെയ്തു പരിചയമുള്ള ഇവരുടെ മേൽനോട്ടത്തിലാണ് ഹരിതകർമ്മസേന സർവ്വേ നടത്തേണ്ടതും തങ്ങളുടെ പ്രവർത്തനങ്ങൾ നടത്തേണ്ടതും മേൽ സർവ്വേ റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തി സ്ഥാപനത്തിന്റെ മാലിന്യ സംസ്കരണത്തിനുള്ള വിശദമായ ഡി പി ആർ (Detailed Project Report) തയ്യാറാക്കേണ്ടതുണ്ട്. കർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നല്കുക, അവരുടെ പ്രവർത്തനം മോണിറ്റർ ചെയ്ത് പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കുക ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുക എന്നിവ ഉത്തരവാദിത്വങ്ങളിൽപ്പെടുന്നു.

8) തദ്ദേശ സ്ഥാപനതലത്തിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സണായി സാങ്കേതിക സമിതി രൂപീകരിക്കണം. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ സ്ഥാപനതലത്തിലുള്ള എല്ലാ മേൽനോട്ടവും സമിതിയിൽ നിക്ഷിപ്തമാണ്.

പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ മാലിന്യ നിർമ്മാർജ്ജന പദ്ധതിക്ക് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് വർക്കിങ്ങ് ഗ്രൂപ്പ് (കുടിവെള്ളം, ശുചിത്വം), സ്റ്റാൻഡിങ്ങ് കമ്മറ്റി, നിർവ്വഹണോദ്യോഗസ്ഥർ തുടങ്ങിയവരുടെ പ്രവർത്തനം കൃത്യമായി ഏകോപിപ്പിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിക്ക് കഴിഞ്ഞിട്ടില്ല. ഉറവിട മാലിന്യ സംസ്കരണവും പഞ്ചായത്തിൽ പൂർണ്ണമായും ഫലപ്രദമായിട്ടില്ല.

മാലിന്യ സംസ്കരണ പദ്ധതികളിൽ ലക്ഷ്യമിട്ട രീതിയിൽ വേസ്റ്റ് യാർഡ് വിപുലീകരണം ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ പ്രതിവർഷ കമ്പോസ്റ്റ് നിർമ്മാണം വർദ്ധിപ്പിച്ച് ജൈവവള വിപണനം പുനസ്ഥാപിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് (കുടിവെള്ളം, ശുചിത്വം) പദ്ധതി മോണിട്ടറിങ്ങ് കൃത്യമായ ഇടവേളകളിൽ നിർവ്വഹിക്കേണ്ടതുമാണ്.

സ്ഥാപനത്തെ നിശ്ചിത സമയത്തിനുള്ളിൽ( ഡി പി ആറിൽ സൂചിപ്പിക്കുന്ന കാലയളവിനുള്ളിൽ) സീറോവെയ്സ്റ്റ് എന്ന സ്ഥിതിവിശേഷത്തിൽ എത്തിക്കുക എന്ന ലക്ഷ്യം മുന്നിൽക്കണ്ട് തദനുസൃതമായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

# 1-20 പാലിന് ഇൻസെന്റീവ് നൽകൽ പദ്ധതി-നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പ്രോൽസാഹനമായി ഇൻസെന്റീവ് നൽകുന്നതാണ് പദ്ധതി.

പ്രോജക്റ്റ് നം-S0015/19/18-19

പ്രോജക്റ്റിന്റെ പേര്-ക്ഷീര കർഷകന് പാലിന് ഇൻസെന്റീവ് നൽകൽ

അടങ്കൽ-പൊതുവിഭാഗം സാധാരണ വിഹിതം-4,43,473/-

ജില്ലാ പഞ്ചായത്ത് വിഹിതം -73,000/-

ആകെ -5,16,473/-

ചെലവ് -5,16,473/-

ബിൽ നം-1,2 30/3/19

നിർവ്വഹണ ഉദ്യോഗസ്ഥ -ഡയറി എക്സ്റ്റൻഷൻ ഓഫീസർ

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീയതി 14.2.2018 പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്. കൊടുവായൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കൊടുവായൂർ ക്ഷീരസഹകരണ സംഘം സമർപ്പിച്ച 270 ക്ഷീരകർഷകരുടെ പട്ടിക 31.10.18 ലെ 20/1 നം തിയ്യതി പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 2018 ജൂലൈ വരെയുള്ള കാലയളവിൽ അളന്ന പാലിനാണ് സബ്സിഡി നൽകിയിട്ടുള്ളത്.ഡിപ്പാർട്ട്മെന്റ് സബ്സിഡി നൽകിയതിന്റേയും 2018-19 സാമ്പത്തിക വർഷത്തിൽ അളന്ന പാലിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. മേൽവിഷയം സംബന്ധിച്ച് നൽകിയ 13.11.19 ലെ ഓഡിറ്റ് അന്വേഷണം 18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കർഷകർക്ക് സാമ്പത്തിക വർഷത്തെ പാലളവിന് മുഴുവനും സബ്സിഡി ലഭ്യമാകുന്ന രീതിയിൽ പ്രോജക്റ്റ് തയ്യാറാക്കുവാൻ ശ്രമിക്കേണ്ടതാണ്.

# 1-21 വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ സ.ഉ(എം.എസ്)170/2007/ ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ലോഗ് ബുക്കുകൾ, രജിസ്റ്ററുകൾ, ചെലവ് രേഖകൾ എന്നിവ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

<u>വാഹനം</u>

1.Bolero LX- (രജിസ്ട്രേഷൻ നം.- KL-9U-4358)

2.Tractor- (രജിസ്ട്രേഷൻ നം.- KL-70A/9707)

3. Ambulance (രജിസ്ട്രേഷൻ നം.- KL-70C-6248)

- ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നില്ല.
- ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

  1. ലോഗ് ബുക്ക്

  2. ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്

  3. റിപ്പയർ രജിസ്റ്റർ

  4. ഫ്യുവൽ രജിസ്റ്റർ

  എന്നാൽ ലോഗ് ബുക്ക് മാത്രമാണ് പഞ്ചായത്തിൽ സൂക്ഷിച്ച് വരുന്നത്. ബാക്കിയുള്ള രജിസ്റ്ററുകൾ 2018-19 ൽ മേൽ പറഞ്ഞ ഉത്തരവ് പ്രകാരം സൂക്ഷിക്കുന്നില്ല. ഫ്യൂൽ രജിസ്റ്റർ സൂക്ഷിക്കുന്നത് ഭാഗികമായിട്ടാണ്. രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. ഓരോ വാഹനത്തിന്റെയും മെയിന്റിനൻസ്, ഇന്ധനച്ചെലവ് എന്നിവ വേർതിരിച്ച് സൂക്ഷിക്കുന്നില്ല. ആകയാൽ ഓരോ വാഹനത്തിന്റെയും പ്രവർത്തനക്ഷമത ഓഡിറ്റിന് വിലയിരുത്താൻ കഴിഞ്ഞില്ല.

- ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
- ഇന്ധനം വാങ്ങിയതിന്റെ (ബിൽ നം., വൗച്ചർ നമ്പർ എന്നിവ) വിവരങ്ങൾ ലോഗ്ബുക്കിൽ ചേർക്കുന്നില്ല.
- ഓരോ യാത്രയുടെയും വിശദവിവരങ്ങൾ ഡ്രൈവർ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും, ആയത് യാത്ര ചെയ്തവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് ക്രമപ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ മേൽ വ്യവസ്ഥയും ഗ്രാമ പഞ്ചായത്തിൽ പാലിക്കപ്പെടുന്നില്ല.

വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.26/16-11-2019) നൽകിയതിൽ രജിസ്റ്ററുകൾ കൃത്യമാക്കി സൂക്ഷിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് മേൽ പറഞ്ഞ സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

# 1-22 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ നിയമാനുസൃത പിഴ ഈടാക്കിയില്ല

പൊതു മരാമത്ത് മാന്വലിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് 2016-17 വർഷത്തിൽ എഗ്രിമെന്റ് വെക്കുകയും 2017-18 വർഷത്തിൽ പൂർത്തീകരിക്കുകയും ഓഡിറ്റ് കാലയളവിൽ തുക അനുവദിക്കുകയും ചെയ്ത താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരൻ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനുള്ള അപേക്ഷ പൂർത്തീകരണ കാലാവധിക്കുള്ളിൽ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ലെന്നും നിയമാനുസൃതമായ മുഴുവൻ ഫൈൻ ഈടാക്കിയിട്ടില്ലെന്നും പരിശോധനയിൽ കണ്ടെത്തി. 2011 ലെ കേരള പി.ഡബ്ല്യു.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതല്ല. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 1% കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ |
| ആദ്യത്തെ ദീർഘിപ്പിക്കലിനു | പി.എ.സിയുടെ 2% കുറഞ്ഞത് 2000 |

| | |
|---|---|
| ശേഷവും ദീർഘിപ്പിക്കുന്നതിന് | രൂപ കൂടിയത് 100000 രൂപ |

പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച പ്രവൃത്തികളിൽ താഴെ പറയും പിഴ കണക്കാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | കരാർ സംഖ്യ | പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട പിഴ (രൂപ) | ഈടാക്കിയ പിഴ (രൂപ) | കുറവ് |
|---|---|---|---|---|---|---|---|
| 1 | 176/19(160/2018, 87/2016)-പുല്ലറോഡ് കുണ്ടുകാട് റോഡ് പുനരുദ്ധാരണം495000<br>കരാറുകാരൻ - കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്<br>എഗ്രിമെന്റ് നം.53/ae/lsgd/kde/16-17 dt.21-02-17<br>അളവു പുസ്തകം നം. 212/17-18<br>ബിൽ നം. 13/2018-19 dt.21-7-2018 | 490177 | 31-3-17 | 14-2-18 | 14705 (3%) | 4902 | 9803 |
| 2 | 174/19(155/2018, 65/2017)- ഉമ്മത്തുംതോപ്പ് മിച്ചഭൂമി റോഡ് പുനരുദ്ധാരണം215000<br>കരാറുകാരൻ - കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്<br>എഗ്രിമെന്റ് നം.5/ae/lsgd/kde/16-17 dt.25-01-17<br>അളവു പുസ്തകം നം. 250/17-18<br>ബിൽ നം. 14/2018-19 dt.21-7-2018 | 175598 | 31-3-17 | 28-2-18 | 5268 (3%) | 1756 | 3512 |
| 3 | 174/19(155/2018, 65/2017)-വാക്കോട് കനാൽബണ്ട് മഹാളികടം റോഡ് പുനരുദ്ധാരണം-302424<br>കരാറുകാരൻ - കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്<br>എഗ്രിമെന്റ് നം.46/ae/lsgd/kde/16-17 dt.21-02-17<br>അളവു പുസ്തകം നം. 231/17-18<br>ബിൽ നം. 18/2018-19 dt.6-8-2018 | 307915 | 31-3-17 | 21-2-18 | 9237 (3%) | 3079 | 6158 |
| 4 | 177/19(169/2018, 97/2017)-കർണ്ണകി നഗർ പോസ്റ്റ് ഓഫീസ് റോഡ് പുനരുദ്ധാരണം-150000 | 150000 | 31-3-17 | 23-2-18 | 4500 (3%) | 1500 | 3000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കരാറുകാരൻ - കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്<br><br>എഗ്രിമെന്റ് നം.57/ae/lsgd/kde/16-17 dt.21-02-17<br><br>അളവ് പുസ്തകം നം. 61/16-17<br><br>ബിൽ നം. 19/2018-19 dt.6-8-2018 | | | | | | |
| 5 | 179/19(114/2017)- കാക്കയൂർതറ റോഡ് പുനരുദ്ധാരണം-450000<br><br>കരാറുകാരൻ - കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്<br><br>എഗ്രിമെന്റ് നം.47/ae/lsgd/kde/16-17 dt.21-02-17<br><br>അളവ് പുസ്തകം നം. 51/16-17<br><br>ബിൽ നം. 20/2018-19<br><br>dt.14-8-2018 | 450000 | 31-3-17 | 4-4-18 | 13500 (3%) | 4500 | 9000 |
| 6 | 174/19(155/2018, 65/2017)-വാക്കോട് കനാൽബണ്ട് മഹാളികടം റോഡ് പുനരുദ്ധാരണം-302424<br><br>കരാറുകാരൻ - കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്<br><br>എഗ്രിമെന്റ് നം.46/ae/lsgd/kde/16-17 dt.21-02-17<br><br>അളവ് പുസ്തകം നം. 231/17-18<br><br>ബിൽ നം. 18/2018-19 dt.6-8-2018 | 307915 | 31-3-17 | 21-2-18 | 9237 (3%) | 3079 | 6158 |
| | ആകെ | | | | | | 37631 |

കാലതാമസത്തിന് സ്ഥാപനത്തിന്റെ ഭാഗത്ത് വീഴ്ച വന്നതായി രേഖപ്പെടുത്തലുകളൊന്നും തന്നെയില്ലാത്തതിനാൽ കരാറുകാർ തന്നെയാണ് ഇതിന് കാരണക്കാരായതെന്ന് കാണുന്നു. സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ പ്രവൃത്തികൾക്ക് വകയിരുത്തിയ സർക്കാർ ഗ്രാന്റുകൾ എന്നന്നേക്കുമായി നഷ്ടപ്പെടുക, യഥാസമയം പ്രൊജക്ടുകളുടെ ഗുണഫലം ജനങ്ങൾക്ക് ലഭ്യമാകാതിരിക്കുക, പ്രൊജക്ടുകൾ സ്പിൽ ഓവറായി മാറുന്നതിനാൽ അടുത്തവർഷത്തെ പദ്ധതി നിർവ്വഹണത്തെ ദോഷകരമായി ബാധിക്കുക തുടങ്ങിയ ഗുരുതരമായ അപാകതകൾ മേൽ സ്ഥിതിവിശേഷത്താൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കരാർ വച്ച് ഉടൻ തന്നെ പ്രവൃത്തികൾ ആരംഭിക്കാത്ത സ്ഥിതിയ്ക്ക് മേൽ പ്രവൃത്തികളുടെ കരാർ ഉടമ്പടികൾ റദ്ദു ചെയ്ത് കരാറുകാരുടെ നഷ്ടോത്തരവാദിത്വത്തിൽ പുതിയ ടെണ്ടർ ക്ഷണിക്കേണ്ടതായിരുന്നു. എന്നാൽ നിർവ്വഹണോദ്യോഗസ്ഥനോ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പോ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ലെന്ന് രേഖകൾ വ്യക്തമാക്കുന്നു. മേൽ പറഞ്ഞ പ്രകാരമുള്ള അപാകതകൾ വരുത്തിയിട്ടും കാലതാമസത്തിന് നിയമപരമായി ഈടാക്കേണ്ട പിഴ മുഴുവനും ഈടാക്കാതെ നിർവ്വഹണോദ്യോഗസ്ഥൻ തുക അനുവദിച്ചത് ക്രമപ്രകാരമല്ല . കൂടാതെ പൊതുമരാമത്ത് മേഖലയുടെ ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിയുടെ ഇടപെടലും ഇക്കാര്യത്തിൽ വേണ്ടവിധം നടന്നിട്ടില്ലെന്നതും ശ്രദ്ധേയമാണ്. ഡി പി സി അംഗീകാരം മുതൽ പ്രൊജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ നിരന്തരമായി ഇടപെട്ടിരുന്നെങ്കിൽ മേല്പറഞ്ഞതരത്തിലുള്ള കാലവിളംബം ഒഴിവാക്കാനും അതുവഴി ഫണ്ടിന്റെ നഷ്ടം ഒഴിവാക്കുകയും ചെയ്യാമായിരുന്നു. കൂടാതെ ഫെബ്രുവരി മാസം കരാർ വച്ച പ്രവൃത്തികൾ സാമ്പത്തികവർഷം തന്നെ പൂർത്തീകരിച്ച് തുക ചെലവഴിക്കാൻ കഴിയില്ലെന്ന് വ്യക്തമായിരിക്കെ മേൽ പ്രൊജക്ടുകൾക്ക് നാമമാത്ര തുക വകയിരുത്തി മറ്റ് നിർവ്വഹണസാധ്യതയുള്ള പ്രൊജക്ടുകൾക്ക് വിനിയോഗിക്കുക എന്ന ബദൽ മാർഗ്ഗവും

സ്വീകരിക്കാത്തത് അപാകതയാണ്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കി പഞ്ചായത്തു ഫണ്ടിൽ അടവാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. 37631 രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി പഞ്ചായത്തു ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനോടൊപ്പം താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.

1. ഏകവർഷ പ്രൊജക്ടുകളുടെ കാര്യത്തിൽ സാമ്പത്തിക വർഷം തന്നെ പ്രവൃത്തികൾ പൂർത്തീകരിച്ച് തുക നല്കുന്നതിനുതകുംവിധം പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ ക്രമീകരിക്കേണ്ടതും കരാറുകളിൽ പൂർത്തീകരണ കാലയളവ് വ്യക്തമായി സൂചിപ്പിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥനെ ഇതുമൂലം സ്ഥാപനത്തിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഉത്തരവാദപ്പെടുത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലം വ്യക്തമാക്കാത്ത സ്ഥിതിയ്ക്ക് ടെണ്ടർ പരസ്യത്തിൽ സൂചിപ്പിച്ച കാലയളവ് (പരസ്യത്തിൽ ഇക്കാര്യം വ്യക്തമാക്കിയിരിക്കണം) അതിനു കഴിയാത്തപക്ഷം സാങ്കേതികാനുമതിയിൽ സൂചിപ്പിച്ച സമയം ഇവ അടിസ്ഥാനപ്പെടുത്തി കാലതാമസം കണക്കാക്കേണ്ടതും അതനുസരിച്ചുള്ള പിഴ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

3. തുടർ വർഷങ്ങളിൽ അപാകത ഒഴിവാക്കുന്നതിന് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് എന്നീ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാണ്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ ഭരണസമിതി ബന്ധപ്പെട്ട കമ്മിറ്റികൾക്ക് നൽകേണ്ടതും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ ഒരു റിപ്പോർട്ട് ഓഡിറ്റിന് നൽകേണ്ടതുമാണ്.

# 1-23 ഏറ്റെടുത്ത പൊതുമരാമത്ത് പ്രവർത്തികൾ നടപ്പിലാക്കുന്നില്ല

സ്ഥാപനത്തിന്റെ അധികാരമേഖലയിൽപ്പെടുന്ന വിവിധ മേഖലകളിലെ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിന് ഓഡിറ്റ് വർഷത്തിൽ ആകെ 90 പുതിയ പ്രൊജക്ടുകൾ പൊതുമരാമത്ത് മേഖലയിൽ അസി.എഞ്ചിനീയർ അംഗീകാരം വാങ്ങിയിട്ടുണ്ട്. മുൻ വർഷങ്ങളിലെ സ്പിൽ ഓവർ പ്രൊജക്ടുകൾ കൂടി പരിഗണിക്കുമ്പോൾ ആകെ പ്രൊജക്ടുകളുടെ എണ്ണം 137ആണ് . ഇവ നിർവ്വഹിക്കുന്നതിന് വിവിധ ഫണ്ടുകളിൽ നിന്നായി വകയിരുത്തിയ 2.62 കോടി രൂപയിൽ 1.36 കോടി രൂപ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവഴിക്കാനായത്. പുതിയ പ്രൊജക്ടുകളിൽ 51 എണ്ണത്തിന് തുകയൊന്നും വിനിയോഗിക്കാൻ കഴിയാതെ വന്നപ്പോൾ സ്പിൽ ഓവർ പ്രൊജക്ടുകളുടെ കാര്യത്തിൽ ഇത് 12 എണ്ണം വരുന്നുണ്ട്. വകയിരുത്തിയതിൽ വിനിയോഗിക്കാൻ കഴിയാതെ വന്ന 2.26 കോടി രൂപയിൽ 24.5ലക്ഷം രൂപ വികസനഫണ്ട് (പൊതുവിഭാഗം), 12.24 ലക്ഷം രൂപ വികസനഫണ്ട് (എസ്.സി.പി), 39.84ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 14.63ലക്ഷം രൂപ മെയിന്റനൻസ് ഗ്രാന്റ് റോഡിതരം, 83.83ലക്ഷം രൂപ മെയിന്റനൻസ് ഗ്രാന്റ് റോഡ് എന്നീ ഇനങ്ങളിലായി 175 ലക്ഷം രൂപ സ്ഥാപനത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്. ഇത്രയും തുക നഷ്ടപ്പെടുത്തിയതിൽ പ്രധാന പങ്ക് വഹിച്ചത് മരാമത്ത് മേഖലയിലെ നിർവ്വഹണ വീഴ്ചയാണെന്നത് പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു. പ്രധാനമായും ആസൂത്രണത്തിലൂടെ ലക്ഷ്യം വച്ച വികസനവും നിർവ്വഹണവും തമ്മിൽ വലിയ അന്തരം ഉണ്ടായിട്ടുണ്ട്. ഇത് നിർവ്വഹണത്തിലെ സമയബന്ധിതമായ പ്രവർത്തനങ്ങളുടെ അഭാവത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്ന് രേഖകൾ വ്യക്തമാക്കുന്നു. പ്രൊജക്ടുകളുടെ അംഗീകാരം മുതൽ പൂർത്തീകരണം വരെയുള്ള പ്രക്രിയയിൽ താഴെ പറയുന്ന ഘട്ടങ്ങളിൽ പ്രശ്നങ്ങൾ സംഭവിച്ചിട്ടുണ്ട്.

1. വാർഷിക പദ്ധതിയ്ക്ക് ഡിപിസി അംഗീകാരം ലഭിച്ചതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുവരെ വന്ന കാലതാമസം

2. എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുന്നതിൽ വന്ന കാലതാമസം

3. സാങ്കേതികാനുമതി ലഭിച്ച പദ്ധതികൾ കരാറുകാരെ /നിർവ്വഹണ ഏജൻസിയെ ഏല്പിക്കുന്നതിൽ വന്ന കാലതാമസം.

4. ഏറ്റെടുത്ത വർക്കുകൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിൽ കരാറുകാരുടെ ഭാഗത്തു നിന്നുണ്ടാവുന്ന അനിയതമായ കാലവിളംബം.

കൂടാതെ പ്രൊജക്ടുകളുടെ ആധിക്യം, കുറഞ്ഞ അടങ്കലുള്ള പ്രവൃത്തികൾ എന്നിവയും നിർവ്വഹണപുരോഗതിയ്ക്ക് തടസ്സമായി

വാർഷിക പദ്ധതിയ്ക്ക് ഡി പി സി അംഗീകാരം ലഭിച്ച ഉടൻ പ്രൊജക്ടുകൾക്ക് വെറ്റിംഗ്/സാങ്കേതികാനുമതി ലഭിക്കുന്നതിനായി അവ ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് സമർപ്പിക്കണമെന്ന ആസൂത്രണമാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാത്തത് നിലവിലെ സ്ഥിതിവിശേഷത്തിന് ഒരു കാരണമായതായി കാണാം. പരിമിതമായ ജീവനക്കാർ മാത്രം ലഭ്യമായിരിക്കെ നിർവ്വഹിക്കാൻ കഴിയുന്നതിനപ്പുറം പ്രൊജക്ടുകൾ തയ്യാറാക്കിയതും മേൽ സ്ഥിതിവിശേഷത്തിന് കാരണമായി. പ്രൊജക്ടുകളുടെ ആസൂത്രണത്തിനും സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനും ഉത്തരവാദപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേരുന്നുണ്ടെങ്കിലും

നടപടിക്രമങ്ങളുടെ പുരോഗതി വിലയിരുത്തി സാമ്പത്തികവർഷത്തിനുള്ളിൽ നിർവ്വഹണം സാധ്യമാകുംവിധം ഇടപെടലുകൾ നടത്തിയിട്ടില്ല. നിർവ്വഹണം വേഗത്തിലാക്കാനും സമയപരിധി നിർദ്ദേശിക്കുന്നതിനും കമ്മിറ്റി ശ്രമിച്ചിട്ടില്ല. നിർവ്വഹണത്തിന് തടസ്സങ്ങളുണ്ടെങ്കിൽ കാരണങ്ങൾ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുവാനും ശ്രമം നടന്നിട്ടില്ല. ഡി പി സി അംഗീകാരം മുതൽ പ്രൊജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ നിരന്തരമായി ഇടപെട്ടിരുന്നെങ്കിൽ മേല്പറഞ്ഞതരത്തിലുള്ള കാലവിളംബവും അനുവഴിയുള്ള ധനനഷ്ടവും ഒഴിവാക്കാമായിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സംവിധാനങ്ങൾക്കുമുണ്ടായിട്ടുള്ള മേല്പറഞ്ഞ വീഴ്ചകൾക്ക് വിശദീകരണം നല്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം 10 തിയതി.12-11-2019) ലഭ്യമാക്കിയ മറുപടിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ കാലവിളംബം സംഭവിച്ചിരുന്നുവെങ്കിലും ഒക്ടോബർ മാസത്തിൽ ടെണ്ടറുകൾ പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ ചെയ്ത വർക്കുകളിൽ 75% വർക്കുകളും എടുത്തത് m/s കൊട്ടുവായൂർ കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനമായിരുന്നുവെന്നും പ്രസ്തുത കമ്പനി ഏറ്റെടുത്ത വർക്കുകൾ നിശ്ചിതസമയത്തിനകം പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ ഇത് പദ്ധതി നിർവഹണത്തേയും തുക വിനിയോഗത്തേയും ദോഷകരമായി ബാധിച്ചതായും അറിയിച്ചിട്ടുണ്ട്. m/s കൊട്ടുവായൂർ കൺസ്ട്രക്ഷൻസ് ഏറ്റെടുത്ത വർക്കുകൾ യഥാസമയം പൂർത്തിയാകാതെ ആവർത്തിച്ച് സ്പിൽ ഓവർ ആവുന്നത് ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതും, കരാർ വച്ച് ഉടൻ തന്നെ പ്രവൃത്തികൾ ആരംഭിക്കാത്ത സംഗതികളിൽ മേൽ പ്രവൃത്തികളുടെ കരാർ ഉടമ്പടികൾ റദ്ദ ചെയ്ത് കരാറുകാരുടെ നഷ്ടോത്തരവാദിത്വത്തിൽ പുതിയ ടെണ്ടർ ക്ഷണിക്കുന്നതുൾപ്പെടെയുള്ള തുടർ നടപടികൾ കൈക്കൊള്ളാൻ പഞ്ചായത്ത് ജാഗ്രത പുലർത്തേണ്ടതാണ്.

# 1-24 വർക്കേഴ്സ് വെൽഫെയർ ഫണ്ടിൽനിന്നും കളക്ഷൻ ചാർജ്ജ് ഈടാക്കാത്തത് മൂലം വരുമാന നഷ്ടം

1996 ലെ കേരള ബിൽഡിംങ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ആക്ട് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തുന്ന മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 1% ബന്ധപ്പെട്ട പ്രവർത്തിയുടെ ബില്ലിൽനിന്നും ഈടാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ടിൽ അടയ്ക്കേണ്ടതാണ്. ഇതിൽ നിന്നും 1% കലക്ഷൻ ചാർജ്ജ് പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ കലക്ഷൻ ചാർജ്ജ് ഈടാക്കാത്തത് മൂലം 1403രൂപയുടെ വരുമാന നഷ്ടം സംഭവിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ആകെ മരാമത്ത് തുക | KCWWF 1% | കലക്ഷൻ ചാർജ്ജ് 1% |
|---|---|---|---|
| 2018-19 | 14028000 | 140280 | 1403 |

വിഷയവുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 25 തീയതി 16.11.19) ലഭ്യമാക്കിയ മറുപടിയിൽ തുക നാമമാത്രമായതിനാലാണ് ഈടാക്കാതിരുന്നത് എന്നറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ കലക്ഷൻ ചാർജ്ജ് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

# 1-25 സ്പിൽ ഓവർ പദ്ധതികൾ - നിലവിലും പൂർത്തീകരിക്കാതെ തുടരുന്നു

പഞ്ചായത്ത് ഭരണാനുമതി ലഭിച്ചതും 2016-17, 2017-18 വർഷങ്ങളിൽ അസി. എഞ്ചിനിയറെ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി വിഭാവനം ചെയ്തശേഷം സ്പിൽ ഓവറായ താഴെ പറയുന്ന പ്രൊജക്ടുകൾ 2018-19 സാമ്പത്തികവർഷത്തിലും പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് നം,പദ്ധതിയുടെ പേര് | അടങ്കൽ | ഫണ്ട് |
|---|---|---|---|
| 1 | (പ്രൊ.നം.180/19) വിവിധ പമ്പ് ഹൌസ് റിപ്പയർ | 100000 | മെയിന്റനൻസ് ഗ്രാന്റ്- (റോഡിതരം) |
| 2 | പ്രൊ.നം.182/19 (185/16-17) പഞ്ചായത്ത് അപ്സ്റ്റെയർ& കോൺഫറൻസ് ഹാൾ | 239274 | മെയിന്റനൻസ് ഗ്രാന്റ്- |

| | | | |
|---|---|---|---|
| | പുനരുദ്ധാരണം | | (റോഡിതരം) |
| 3 | പ്രൊ.നം.184/19 (ടാ.80/17-18) വാണിയ-ത്തറ റോഡ് കലുങ്ക് പുനരുദ്ധാരണം | 250000 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 4 | പ്രൊ.നം.188/19 (ടാ.83/17-18) മുല്ലക്കൽ എസ്.സി.കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 50000 | വികസന ഫണ്ട് (scp) |
| 5. | പ്രൊ.നം.189/19 (ടാ.88/17-18) ചെമ്പോത്ത്കുളമ്പ് കുടിവെള്ള പദ്ധതി | 121754 | വികസന ഫണ്ട് (scp) |
| 6. | പ്രൊ.നം.191/19 (ടാ.95/17-18) എ.ഇ.ഓഫീസ് അറ്റകുറ്റപ്പണികൾ | 155000 | മെയിന്റനൻസ് ഗ്രാന്റ്-(റോഡിതരം) |
| 7. | പ്രൊ.നം.195/19(ടാ.100/17-18) എത്തനൂർ-മൂത്താന്തറ റോഡ് റീടാറിംങ് | 100000 | മെയിന്റനൻസ് ഗ്രാന്റ്-(റോഡ്) |
| 8 | പ്രൊ.നം.202/19(120/17-18) മണിമാർകുളമ്പ് റോഡ് റീടാറിംങ് | 450000 | മെയിന്റനൻസ് ഗ്രാന്റ്-(റോഡ്) |
| 9. | പ്രൊ.നം.207/19 (ടാ.221/17-18) പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് നവീകരണം | 1000000 | വികസന ഫണ്ട് (gen) |
| 10 | പ്രൊ.നം.212/19 (ടാ.231/17-18)ബാഷാ നഗർ സൈഡ് കെട്ടൽ | 150000 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 11 | പ്രൊ.നം.215/19(ടാ.241/17-18) ചെറുതോട് സൈഡ് കെട്ടൽ | 35196 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 12 | പ്രൊ.നം.217/19(ടാ.247/17-18) ആട്ടപ്പാറക്കുളം സൈഡ് കെട്ടൽ | 27258 | ധനകാര്യ കമ്മീഷൻ അവാർഡ് |

മേൽപറഞ്ഞ പദ്ധതികൾ 2018-19 സാമ്പത്തിക വർഷത്തിലും പൂർത്തീകരിക്കാതെ തുടരുന്നത് ആശാസ്യമല്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-26 വാട്ടർ ടാങ്ക് വാങ്ങി നൽകൽ -ഒരേ ഇനം വാങ്ങലിന് വ്യത്യസ്ത പ്രൊജക്ടുകൾ നടപ്പാക്കിയത് പ്രൊക്യൂർമെന്റ് മാർഗ്ഗലംഘനം

SC കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകൽ ( പ്രൊജക്ട് നം 29/2019) SC കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകൽ (പ്രൊജക്ട് നം 233/2019) എന്നിങ്ങനെ രണ്ട് പ്രൊജക്ടുകൾ തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്.

ബിൽ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| പദ്ധതി | ബിൽ നം. | തുക | ആകെ |
|---|---|---|---|
| 29/19 | 16/18-19 dt 16.3.19 | 97435 | 189905 |
| | 17/18-19 dt 16.3.19 | 44970 | |
| | Chq.no 16062/14.3.19 | 47500 | |
| 233/19 | 18/18-19 dt 25.3.19 | 57750 | 386250 |
| | 20/18-19 dt 25.3.19 | 57750 | |
| | 22/18-19 dt 25.3.19 | 57750 | |
| | 23/18-19 dt 25.3.19 | 57750 | |
| | 24/18-19 dt 25.3.19 | 57750 | |
| | 16078/25.3.19 | 58500 | |
| | 16084/30.3.19 | 39000 | |

ഇതിൽ പ്രൊജക്ട് നമ്പർ 29/19 ന് ടെണ്ടർ വിളിക്കുകയും കുറഞ്ഞ നിരക്ക് രേഖപെടുത്തിയ സാഗർ പോളിക്രാഫ്റ്റ്, അമ്പലപ്പാറ എന്ന സ്ഥാപനത്തിന് 1999 രൂപ നിരക്കിൽ 95 വാട്ടർ ടാങ്ക് വാങ്ങി വിതരണം ചെയ്തു. പ്രൊജക്ട് നമ്പർ 233/19 പ്രകാരം ഇ ടെണ്ടർ വിളിക്കുകയും കുറഞ്ഞ നിരക്ക് രേഖപെടുത്തിയ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 1545 രൂപ നിരക്കിൽ 250 വാട്ടർ ടാങ്ക് വാങ്ങി വിതരണം ചെയ്തു.ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

മേൽ പറഞ്ഞ പദ്ധതികൾക്കായി യഥാക്രമം 30.11.18, 31.1.19 തീയതികളിൽ ടെണ്ടർ പരസ്യം നൽകുകയും 13.12.18, 11.2.19 തീയതിയിൽ ടെണ്ടർ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ 08.11.2010 പ്രകാരം ഒരു വർഷത്തേക്കുള്ള സാധനങ്ങളും സേവനങ്ങളുടെയും വാർഷിക ആവശ്യകത മുൻനിർത്തി വാങ്ങൽ പദ്ധതി തയ്യാറാക്കേണ്ടത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതലയാണ്. ഒരേ തരത്തിലുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് വ്യത്യസ്ഥ പ്രൊജക്ടുകൾ തയ്യാറാക്കി വാങ്ങലുകൾ നടത്തിയത് പ്രസ്തുത മാർഗ രേഖയുടെ ലംഘനമാണ്. രണ്ട് പദ്ധതികൾക്കും വെവ്വേറെ ടെണ്ടർ നടത്തുന്നതിനു പകരം ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണം കണക്കാക്കിയതിനുശേഷം ഇ-ടെണ്ടർ നടത്തിയിരുന്നുവെങ്കിൽ ടെണ്ടർ മൽസരാധിഷ്ഠിതമാക്കാമായിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/15.11.19) പദ്ധതിയുടെ നിർവ്വഹണത്തിൽ ഭേദഗതി ആവശ്യമായതിനാലാണ് വിവിധ പദ്ധതികളായി മാറ്റേണ്ടി വന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്.
ഭാവിയിൽ പ്രൊജക്ടുമായി ബന്ധപ്പെട്ട എല്ലാ വാങ്ങലുകൾക്കും പ്രൊക്യുർമെന്റ് മാർഗരേഖ ബാധകമാക്കേണ്ടതാണ്.

# 1-27 വാങ്ങലുകൾക്ക് ടെണ്ടർ രീതി അവലംബിച്ചിട്ടില്ല

A) നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നമ്പർ -25

അടങ്കൽ -496000

ചെലവ് -495873
വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രൊജക്ടിന് ബിൽ നമ്പർ 10/18-19 dt. 11.3.19 പ്രകാരം 495878 രൂപ താഴെ പറയും പ്രകാരം കാഡ്കോക്ക് നൽകിയിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ | എണ്ണം | നിരക്ക് | ആകെ തുക |
|---|---|---|---|
| NRO/SALES/534/8.2.19 | 100 | 3389 | 338900 |
| | | CGST | 30501 |
| | | SGST | 30501 |
| | | Total | 399902 |
| NRO/SALES/535/8.2.19 | 24 | 3389 | 81336 |
| | | CGST | 7320 |
| | | SGST | 7320 |
| | | Total | 95976 |

കട്ടിലുകൾ വാങ്ങിയിട്ടുള്ളത് ടെണ്ടർ കൂടാതെ കാഡ്കോയിൽ നിന്നാണ്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ 13.12.18ലെ A5.9057/25/2018 പ്രകാരമുള്ള പർചേയ്സ് ഓർഡർ അനുസരിച്ച് 125 കട്ടിലുകൾ കാഡ്കോ നൽകിയിട്ടുണ്ട്. GO(Rt)no 60/2017/SPD dt 20.10.2017, GO(Rt)No. 41/2018/SPD dt 3.10.2018 പ്രകാരമുള്ള സ്റ്റോർ പർചേയ്സ് ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവിൽ കാഡ്കോ നിർമ്മിച്ച് വിതരണം ചെയ്യുന്ന ഫർണീച്ചറുകളുടെ വിലവിവര പട്ടികയിൽ ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിൽ (നീളം 1.98 mtr വീതി 90cm,front leg 60 cm L,back leg 50 cm L,Top 8 mm plywood) ഉൾപ്പെടുന്നില്ല. അതിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് ടെണ്ടർ വിളിക്കാത്തതിൽ ഓഡിറ്റ് അന്വേഷണം (23/15.11.19) നൽകിയതിന് GO(Rt)No. 41/2018/SPD പ്രകാരമുള്ള ഉത്തരവിൽ ടെണ്ടർ കൂടാതെ വാങ്ങാൻ ഉത്തരവ് ഉള്ളതിനാലാണ് വാങ്ങിയതെന്ന മറുപടിയാണ് ലഭിച്ചത്.
B) നിർവ്വഹണ ഉദ്യോഗസ്ഥൻ -ICDS സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ -42

അടങ്കൽ -392000

ചെലവ് -391904

വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രൊജക്ടിന് ബിൽ നമ്പർ 20/27.3.19 പ്രകാരം 391904 രൂപ താഴെ പറയും പ്രകാരം കാഡ്കോക്ക് നൽകിയിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ | എണ്ണം | നിരക്ക് | ആകെ തുക |
|---|---|---|---|
| NRO/SALES/552/14.2.19 | 98 | 3389 | 332122.00 |
| | | CGST | 29890.98 |
| | | SGST | 29890.98 |
| | | Total | 391904.00 |

98 കട്ടിലുകൾ ടെണ്ടർ കൂടാതെ കാഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. GO(Rt)no 60/2017/SPD dt 20.10.2017, GO(Rt)No. 41/2018/SPD dt 3.10.2018 പ്രകാരമുള്ള സ്റ്റോർ പർചേയ്സ് ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവിൽ കാഡ്കോ നിർമ്മിച്ച് വിതരണം ചെയ്യുന്ന ഫർണീച്ചറുകളുടെ വിലവിവര പട്ടികയിൽ ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിൽ (നീളം 1.98 mtr വീതി 90cm,front leg 60 cm L,back leg 50 cm L,Top 8 mm plywood) ഉൾപ്പെടുന്നില്ല.അതിൽ ഉൾപെടാത്ത ഇനങ്ങൾക്ക് ടെണ്ടർ വിളിക്കാത്തതിൽ ഓഡിറ്റ് അന്വേഷണം (20/14.11.19) നൽകിയതിന് GO(Rt)No. 41/2018/SPD പ്രകാരമുള്ള ഉത്തരവിൽ ടെണ്ടർ കൂടാതെ വാങ്ങാൻ ഉത്തരവുള്ളതിനാലാണ് കാഡ്കോയിൽ നിന്നും വാങ്ങിയതെന്ന മറുപടിയാണ് ലഭിച്ചത്.
ടെണ്ടർ അവലംബിക്കാത്തതു മൂലം കൂടുതൽ മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കാനുള്ള സാധ്യതയും,സാമ്പത്തിക ലാഭവും ഇല്ലാതായി. ഭാവിയിൽ പ്രൊജക്ടുമായി ബന്ധപ്പെട്ട എല്ലാ വാങ്ങലുകൾക്കും പ്രൊക്യുർമെന്റ് മാർഗരേഖ ബാധകമാക്കേണ്ടതാണ്.

## 1-28 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായി കന്നുകുട്ടി പരിപാലനം എന്ന പ്രൊജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1,00,000 രൂപ അസിസ്റ്റന്റ് ഡയറക്ടർക്ക് (കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം) നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് - 22/19

അടങ്കൽ -400000 (പദ്ധതി ഫണ്ട്-100000, ബ്ലോക്ക് പഞ്ചായത്ത്-100000, ഗു.വി-200000)

ചെലവ് - 100000

ബിൽ നമ്പർ - 1/24.12.18

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതമായ ₹100000/- അസിസ്റ്റന്റ് ഡയറക്ടർ, കാഫ്ഫീഡ് പ്രൊഗ്രാമിന് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യേണ്ടതും പദ്ധതി കാലാവധി കഴിയുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ വിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. വിനിയോഗിക്കാതെ അവശേഷിക്കുന്ന പദ്ധതി ഫണ്ട് തിരികെ ഈടാക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം 3/7.11.19)

## 1-29 മരുന്നുകൾ സപ്ലൈകോയിൽ നിന്നും വാങ്ങിയത് സബ്സിഡി മാർഗ്ഗലംഘനം

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി പാലിയേറ്റീവ് കെയർ പരിചരണപദ്ധതി എന്ന പ്രൊജക്ടിന് താഴെ പറയുന്ന ബിൽ നമ്പറുകൾ പ്രകാരം മരുന്നുകൾ മെഡികെയർ, പാലക്കാട് നിന്നും വാങ്ങിയിട്ടുണ്ട്.

| ബിൽ നമ്പർ | തുക | ഇൻവോയ്സ് നമ്പർ | മെഡിക്കയറിന് നൽകിയ തുക |
|---|---|---|---|
| 8/18-19 dt 25.2.19 | 86900 | 29813/21.11.18 | 48000 |

| | | | |
|---|---|---|---|
| 12/18-19 dt 28.3.19 | 129984 | 62449/4.3.19 | 40001 |
| | | 66328/14.3.19 | 44533 |
| 2346799/27.3.19 | 2,00,000 | 68947/21.3.19 | 6413 |
| | | 62466/4.3.19 | 105773 |
| | | 63598/7.3.19 | 80129 |
| | | 70682/26.3.19 | 7101 |

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ലെ മാർഗ്ഗരേഖ ഖണ്ഡിക 7.5.3(1) പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നാണ് വാങ്ങേണ്ടത്. ഖണ്ഡിക 7.5.4 അനുസരിച്ച് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ കാരുണ്യ, നീതി, ജെൻഔഷധി മെഡിക്കൽ സ്റ്റോറുകളിൽ നിന്നും മരുന്ന് വാങ്ങാവുന്നതാണ്. പ്രസ്തുത നിർദ്ദേശം പാലിക്കാതെ മരുന്നുകൾ മെഡികെയറിൽ നിന്നും വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം (4/11.11.19) നൽകിയെങ്കിലും മറുപടിയൊന്നും ഹാജരാക്കിയില്ല. ഭാവിയിൽ മരുന്നുകൾ വാങ്ങുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-30 അങ്കണവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.03.2011 ലെ സർക്കുലർ നമ്പർ 31055/ഡി.സി.2/2011 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്ന ഈ സംവിധാനം വാടകക്ക് പ്രവർത്തിക്കുന്ന 4 അങ്കണവാടികളിൽ മാത്രമാണ് നടന്നിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ/ ഓവർസീയർ എന്നിവരുടെ യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. മേൽ പറഞ്ഞ സർക്കാർ നിർദേശം പാലിക്കേണ്ടതും തുടർന്നുള്ള ഓഡിറ്റിൽ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

# 1-31 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

| | | |
|---|---|---|
| 1 | അങ്കണവാടികളുടെ എണ്ണം | 22 |
| 2 | സ്വന്തമായി കെട്ടിടമുള്ളവയുടെ എണ്ണം | 18 |
| 3 | വാടക കെട്ടിത്തിൽ പ്രവർത്തിക്കുന്നവ | 4 |
| 4 | ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് ഉള്ളവ | - |
| 5 | ചുറ്റുമതിൽ ഉള്ളവയുടെ എണ്ണം | 20 |
| 6 | വൈദ്യുതി ഇല്ലാത്ത അങ്കണവാടികൾ | പൊന്നുമംഗലം |
| 7 | ഗ്യാസ് കണക്ഷൻ ഉള്ളവ | 22 |
| 8 | ഫിറ്റ്നസ് ഉള്ള കെട്ടിടങ്ങളിലാണോ അങ്കണവാടികൾ പ്രവർത്തിക്കുന്നത്? എല്ലാ വർഷവും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നുണ്ടോ? | വാടക കെട്ടിടങ്ങൾക്ക് മാത്രമാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത് |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.09.2010 ലെ സർക്കുലർ നമ്പർ 39033/ഡി.സി.2/2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി (എസ്.എൻ.പി) ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത

അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഐ.സി.ഡി.എസ്സിന് ലഭിച്ച കേന്ദ്ര വിഹിതത്തിൽ നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്ന ₹ 919848/- രൂപ കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, കുടിവെള്ളം, ചുറ്റുമതിൽ, ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ജി.ഒ. (എം.എസ്.) 362/2013/ത.സ്വ.ഭ.വ തിയതി 16-11-2013 പ്രകാരവും സർക്കുലർ നം. 31055/സി.ഡി.2/2011/ ത.സ്വ.ഭ.വ തിയതി 22-3-2011 പ്രകാരവും അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികളെ കുറിച്ച് സർക്കാർ താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1.അംഗണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണീച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് പ്രാധാന്യം നൽകണം.

2. വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തീകരിക്കേണ്ടതാണ്.

3. വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, വൈദ്യുതീകരണം, ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് എന്നിവയുടെ കേടുപാടുകൾ തീർത്ത് ചുറ്റുമതിലിൽ പെയ്ന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.

4. ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അങ്കണവാടികൾക്കായി വാടകക്കെടുക്കുവാൻ പാടുള്ളൂ.

ഈ നിർദ്ദേശങ്ങൾക്ക് വിധേയമായി അങ്കണവാടികളിലെ ഭൗതിക സൗകര്യങ്ങൾ വിലയിരുത്തി അങ്കണവാടികളിലെ പോരായ്മകൾ പരിഹരിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്

# 1-32 ലൈഫ് മിഷൻ അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം

- മാനസിക വെല്ലുവിളി നേരിടുന്നവർ / അന്ധർ / ശാരീരിക തളർച്ച സംഭവിച്ചവർ
- അഗതികൾ
- അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതര / മാരക രോഗമുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം / അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ

ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>രണ്ടാം ഘട്ടം-2018-19 വർഷത്തെ ലക്ഷ്യം</u>

സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2018-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

<u>യൂണിറ്റ് നിരക്ക്</u>

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാകക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

<u>2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ</u>

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 215 ഉം എസ്.സി വിഭാഗത്തിൽ 31ഉം എസ്.ടി വിഭാഗത്തിൽ 1 ഗുണഭോക്താവുമാണുള്ളത്. ആയതിൽ ആകെ 148 പേരാണ് തൻവർഷം എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻ വർഷം ആവിഷ്കരിച്ച പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

<u>a) ലൈഫ് മിഷൻ ഭവന പദ്ധതി - (38/19)-ജനറൽ</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 3718800 | 3718800 |
| ബ്ലോക്ക് പഞ്ചായത്ത് | 1040404 | 1040000 |
| ജില്ലാ പഞ്ചായത്ത് | 1500482 | 1480000 |
| മറ്റിനം(വായ്പ്പ) | 66540314 | 19740000 |
| ആകെ | 72800000 | 25978800 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താ ക്കളുടെ എണ്ണം |
|---|---|
| I | 127 |
| | |

| | |
|---|---|
| II | 127 |
| III | 59 |

ജനറൽ വിഭാഗത്തിലെ 215 ഗുണഭോക്താക്കളിൽ 127 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു. ബാക്കിയുള്ള 88 പേർ നാളിതു വരെയും പണി പൂർത്തീകരിച്ചിട്ടില്ല.

b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ( 37/19)-എസ്.സി.പി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 3200000 | 3040000 |
| ബ്ലോക്ക് പഞ്ചായത്ത് | - | - |
| ജില്ലാ പഞ്ചായത്ത് | 1783635 | 40000 |
| മറ്റിനം(വായ്പ്പ) | 4616365 | |
| ആകെ | 9600000 | 3080000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| I | 20 |
| II | 14 |
| III | 10 |

ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം

2018-19 ൽ 19740000 രൂപ ഹഡ്കോയിൽ നിന്നു KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക പഞ്ചായത്തിന്റ കേരള ഗ്രാമീൺ ബാങ്കിന്റെ കൊടുവായൂർ ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചാണ് ചെലവ് നടത്തുന്നത്. വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല.

ഭവന നിധി രൂപീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സമാഹരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ അത്തരത്തിൽ ഒരു ഭവനനിധി രൂപീകരിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
5. ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 ബ്ലോക്ക് വിഹിതം ലഭ്യമായത് ചെലവഴിക്കാതെ കിടക്കുന്നു

ഗ്രാമ പഞ്ചായത്തിന്റെ 2018-19ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ 38,053 രൂപ നാളിതുവരെയും ചെലവഴിക്കാതെ ഗ്രാമ പഞ്ചായത്തിലെ തനത് ഫണ്ട് അക്കൗണ്ടിൽ കിടക്കുന്നു. ടി തുക സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പരും, പേരും | ബ്ലോക്ക് വിഹിതം (₹) | ചെലവഴിച്ച തുക (₹) | ബാക്കിയുള്ള തുക (₹) |
|---|---|---|---|
| 1/2018, പാലിയേറ്റീവ് കെയർ | 200000 | 161947 | 38053 |

നാളിതുവരെയും ചെലവഴിക്കാത്ത തുക ( ₹ 38053/- ) ബന്ധപ്പെട്ട ശീർഷകത്തിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.21/14-11-2019)

## 1-34 ഡെപ്പോസിറ്റ് വർക്കുകൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

താഴെ പറയുന്ന ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

| ക്രമ നം. | പ്രോജക്റ്റ് നമ്പരും, പേരും | അടങ്കൽ | ചെലവ് | ബിൽ നം./ വൗച്ചർ നം. & തിയതി | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 76/19, കോണിക്കംമ്പാടം അക്വഡക്റ്റ് റിപ്പയർ | 3000000 | 3000000 | 26/30.11.2018-1500000 (Plan Fund- GL, 2346788/ 14.11.2018-1500000- BP Share) | എക്സി. എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, ചിറ്റൂർ |
| 3 | 236/19, കെ.എസ്.ഇ.ബിയിൽ ജി.എസ്.ടി ഇനത്തിൽ തുക അടവാക്കൽ | 24302 | 24302 | 21801243/ 28.02.2019 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, പുതുനഗരം |

ക്രമ നം.1 പ്രകാരം എക്സി. എഞ്ചിനീയർ, ചിറ്റൂർ ഇറിഗേഷൻ ഡിവിഷന് ₹ 30,00,000 നൽകിയതിൽ 1739167 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ലഭ്യമായത്. ബാക്കി തുക ₹1260833 ചെലവഴിക്കാത്ത പക്ഷം ബന്ധപ്പെട്ട ശീർഷകത്തിൽ തിരികെ അടവാക്കേണ്ടതാണ്.

ഡെപ്പോസിറ്റ് വർക്കുകൾക്കായി ചെലവഴിച്ച മുഴുവൻ തുകകൾക്കുമുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ- പദ്ധതി പൂർത്തീകരിച്ചില്ല

പ്രോജക്റ്റ് നമ്പരും, പേരും- 35/19, പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ

അടങ്കൽ- 800000 (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ്- 11800 (Bill N0.52/28.03.2019)

മേൽ പറഞ്ഞ പ്രോജക്റ്റ് പ്രകാരം സോളാർ പാനൽ സ്ഥാപിക്കുന്നതിന് 800000 രൂപ വകയിരുത്തിയെങ്കിലും 11800 രൂപ മാത്രമാണ് 2018-19 ൽ ചെലവഴിച്ചത്. ടി തുക സോളാർ പാനൽ സ്ഥാപിക്കുന്നതിന് രജിസ്ട്രേഷൻ ഫീസായാണ് കെ എസ് ഇ ബിയൽ അടവാക്കിയിരിക്കുന്നത്.

സോളാർ പാനൽ സ്ഥാപിക്കലിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.27/16-11-2019) മുഖേന വിശദാംശങ്ങൾ ആവശ്യപ്പെട്ടതിൽ ഈ പദ്ധതിയുടെ 75% പൂർത്തിയായതിനാൽ 2019-20 ൽ 402500 രൂപ ടെണ്ടർ ഏറ്റെടുത്ത സ്ഥാപനത്തിന് നൽകിയിട്ടുണ്ടെന്നും, കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഇൻസ്പെക്ഷൻ കഴിഞ്ഞാൽ ബാക്കി 25% തുക കൈമാറി പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ആകയാൽ പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-36 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തനങ്ങളുടെ വിലയിരുത്തൽ.

മാഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ആകെ കുടുംബങ്ങളുടെ എണ്ണം 2309 ആണ്. ഇവർക്കെല്ലാം തന്നെ തൊഴിൽ കാർഡുകൾ ലഭിച്ചവരാണ്. തൻവർഷം 1278 പദ്ധികൾക്കുള്ള അംഗീകാരം ലഭ്യമാവുകയും പ്രൊജക്റ്റുകൾക്കായി 122539000/-രൂപ (ലേബർ ബജറ്റ്) അടങ്കലായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ സ്പിൽഓവർ ഉൾപ്പെടെ ഏറ്റെടുത്ത പദ്ധതികളിൽ 423 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. 1685 കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചതിൽ 367 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. തൊഴിൽ ആവശ്യപ്പെട്ടതിന് ശേഷം തൊഴിൽ ലഭ്യമാവാത്തവരും തൊഴിൽ രഹിത വേതനം നൽകപ്പെട്ടവരുമായി ആരുംതന്നെയില്ല.

പ്രവൃത്തികളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ സ്ഥിര ആസ്തികൾ 7 എണ്ണം സൃഷ്ടിക്കപ്പെട്ടു. സാധന സാമഗ്രികൾ ആവശ്യമുള്ള 7 പ്രവൃത്തികൾ തൻവർഷം ഏറ്റെടുത്തു. പദ്ധതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടേയും ചെലവഴിച്ച തുകകളുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തികളുടെ പേര് | നടപ്പിലാക്കിയത് | ചെലവഴിച്ച തുക |
|---|---|---|
| ജല സംരക്ഷണം | 46 | 1057899 |
| വരൾച്ച തടയൽ | 9 | 654118 |
| ചെറുകിട ജലസേചനം | 17 | 7121998 |
| പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം | 23 | 5310746 |
| പട്ടികജാതി -പട്ടികവർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം, ലൈഫ് ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യം | 305 | 9512542 |
| ഗ്രാമീണ റോഡുകൾ | 15 | 3301927 |
| റൂറൽ സാനിറ്റേഷൻ (individual Household Latrines) | 8 | 136161 |
| ആകെ | 423 | 27115391 |
| അഡ്മിനിസ്ട്രേഷൻ ചെലവുകൾ | | 539648 |
| ഓണം അലവൻസ് | | 38000 |
| ആകെ മൊത്തം | | 27693039 |

കൂടുതൽ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുവാനും പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം-2

പരാമർശങ്ങൾ ഇല്ല

ഭാഗം-3

പരാമർശങ്ങൾ ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 26-06-2019 & 26-06-2019 | നം.കെ.എസ്.എ-പികെഡി. 21/997/2019(27), തിയതി: 26-8-2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 600000 | 228/19, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ട്രാക്ടർ വാങ്ങൽ | 600000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | 1/18, പാലിയേറ്റീവ് കെയർ | 161947 | 38053 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1040404 | 38/19, ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് നൽകുന്നതിന് | 1040000 | 404 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1500482 | 38/19, ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് നൽകുന്നതിന് | 1480000 | 20482 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1783635 | 37/19, ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് നൽകുന്നതിന് (SCP) | 40000 | 1743635 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | 34/19, പാലിയേറ്റീവ് പരിചരണ പദ്ധതി 2018-19 | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | 3/19, ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 566160 | 69/19, നെൽകൃഷി കൂലിചെലവ് | 566160 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 500647 | 69/19, നെൽകൃഷി കൂലിചെലവ് | 500647 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 73000 | 15/19, ക്ഷീര കർഷകന് പാലിന് ഇൻസെന്റീവ് നൽകൽ | 73000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1500000 | 76/19, കോണിക്കാംപാടം അക്ക്വാഡക്ട് റിപ്പയർ | 1500000 | 0 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൌച്ചർ നമ്പർ, തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | വടക്കേക്കളം ലൈൻ ദീർഘിപ്പിക്കൽ | | 138374 | | 138374 |
| | നരിക്കോട് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | | 149989 | | 149989 |
| | സ്ട്രീറ്റ് മെയിൻ ലൈൻ ദീർഘിപ്പിക്കൽ | | 1667602 | | 1667602 |
| | കിഴക്കേത്തറ പാലപ്പാറ കുടിവെള്ള പദ്ധതി ലൈൻ ദീർഘിപ്പിക്കൽ | | 66842 | | 66842 |
| ജലസേചന വകുപ്പ് | കോണിക്കാംപാടം അക്വാഡക്ട് | | 30,00000 | | 30,00000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ചെലവില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് ഭവന നിർമ്മാണ പദ്ധതിക്കായി വായ്പയിനത്തിൽ 20169030രൂപ വരവുണ്ട്.

19740000രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | | 20169030 | 20169030 | 0 | 0 | 20169030 |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | | 13331000 | 355237 | 355237 | 0 | 0 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-14(3) | 2006-07 | 3-70-1 | രാസവളത്തിനു മാത്രമായി സബ്സിഡി | സമിതി അന്തിമമായി തീർപ്പാക്കിയിട്ടില്ല |
| ലഘു അവലോകനം | - | 2013-14 | 6 -2 | പൊതുമാർക്കറ്റ്/ ഷോപ്പിങ്ങ് കോംപ്ലക്സ്/ ബസ് സ്റ്റാൻഡ്/ കമ്മ്യൂണിറ്റി ഹാൾ/ലേലം/ വാടക/ ലൈസൻസ് വരുമാനം | ടി |

# 4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹117900732 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹98437051 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 37631 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം‌ം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| - ഒന്നുമില്ല - | | | |

ഭാഗം.1-ൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 37631 | ശ്രീമതി. അനുഷ.ആർ<br>അസി. എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അനുഷ.ആർ<br>അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ<br>lsgd സെക്ഷൻ<br>പുതുനഗരം | അരിയംപ്പള്ളം<br>ചിറ്റൂർ പി. ഒ<br>പാലക്കാട് |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ് പി 8-1092/02/ 8.1.2003 | ഫർദർ റിമാർക്സ് |
| 1997-98 | എൽ.എഫ്.പി 13-1065(1)/03 | ഫർദർ റിമാർക്സ് |
| 1998-99 | എൽ.എഫ്.പി 9-973/05/ 5.5.06 | പ്രാദേശിക പരിശോധന റിപ്പോർട്ട് |
| 1999-00 | എൽ.എഫ്.പി 9-606/01/ 13.10.2009 | ഡയറക്ടർക്കുള്ള കത്ത് |
| 2000-01 | എൽ.എഫ് പി 9-1388/04/ 17.10.2006 | സർച്ചാർജ്ജ്-തുടർ നടപടികൾ |
| 2001-02 | എൽ.എഫ് പി 9-362/06/ 30.1.07 | ഓഡിറ്റ് റിപ്പോർട്ട് |
| 2002-03 | എൽ.എഫ് പി 9-34/08/ 14.5.2010 | ഫർദർ റിമാർക്സ് |
| 2003-04 | എൽ.എഫ് പി 9-895/09/ 20.11.2009 | ഫർദർ റിമാർക്സ് |
| 2004-05 | എൽ.എഫ് പി 9-36/08/ 14.5.10 | ഫർദർ റിമാർക്സ് |
| 2005-06 | എൽ.എഫ് പി 9-995/09/ 24.1.2011 | ഫർദർ റിമാർക്സ് |
| 2006-07 | എൽ.എഫ് പി 9-996/09/ 18.3.2010 | ഫർദർ റിമാർക്സ് |
| 2007-08 | എൽ.എഫ് പി 19-204/13/ 7.1.9.2013 | കത്ത് |
| 2008-09 | എൽ.എഫ് പി 19-1716/12/24.192013 | ഫർദർ റിമാർക്സ് |

| | | |
|---|---|---|
| 2009-10 | എൽ.എഫ്.പി 19-2315/12/ 7.12.2012, 16.3.13 | ഓഡിറ്റ് റിപ്പോർട്ട് |
| 2010-11 | എൽ.എഫ് പി 19-2315/12/7.12.2012,16.3.13 | ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | എൽ.എഫ് പി 19-2022/13-10.2.14/6.3.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | എൽ.എഫ്.പി.19/2459/14 /10.2.2015 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14& 2014-15 | കെ.എസ്.എ.പി.കെ.ഡി-19-1361/2016/04.08.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ.പി.കെ.ഡി-18-189/2017/29.01.2017 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ.പി.കെ.ഡി-18-1900/2017/24.10.2017 | ഓഡിറ്റ് റിപ്പോർട്ട് |
| 2017-18 | കെ.എസ്.എ.പി.കെ.ഡി-19-111/2019/20.02.2019 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

# അനുബന്ധം-1 വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ചതിൻമേലുള്ള സാക്ഷ്യപത്രം

കെ.എസ്.എ-പി.കെ.ഡി21/997/2019(27)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
തിയ്യതി : 26.08.2019
ഇ-മെയിൽ - dopkd.ksad@kerala.gov.in

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം

## ന്യൂനതകളുടെ സംഗ്രഹം

1. കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരം ആവശ്യമായ അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല.
2. 2017-18 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരം പിരിച്ചെടുക്കാനുണ്ടായിരുന്ന വസ്തുനികുതി കുടിശ്ശിക 3195452 രൂപയാണെങ്കിലും 2018-19 ലെ അരിയർ ഡിമാന്റ് ആയി കാണിച്ചിരിക്കുന്നത് 2268323 രൂപയാണ്. ഡിമാന്റ് തുകയിലെ വ്യത്യാസത്തിനു കാരണം സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റാ പ്യൂരിഫിക്കേഷനാണെന്ന് സ്ഥാപനം അറിയിച്ചിട്ടുണ്ടെങ്കിലും മാറ്റം വന്ന ഡിമാന്റ് തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വസ്തുനികുതി കുടിശ്ശിക ഡിമാന്റിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.
3. വസ്തുനികുതി ബുക്ക് അഡ്ജസ്റ്റ്മെന്റ്, പ്രയർ പീരിയഡ് ഇൻകം എന്നീ തുകകളുടെ കൃത്യത പരിശോധിക്കുവാനാവശ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
4. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രൊവിഷൻ തുക കണക്കാക്കിയതിനുള്ള വർക്ക്ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
6. കൃഷി ഓഫീസർ ഒഴികെയുള്ള നിർവഹണോദ്യോഗസ്ഥർ പഞ്ചായത്തിൽ നിന്നുള്ള വരവു ചെലവുകൾ രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
7. ആസ്തികൾക്ക് തൻവർഷത്തേയ്ക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തിരജിസ്റ്റർ കാലികമല്ലാത്തതിനാൽ ചാർജ്ജ് ചെയ്ത തുകയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

8. സ്റ്റോക്ക് രജിസ്റ്റർ വാല്യുബേസ്ഡ് ആയി സൂക്ഷിച്ചിട്ടില്ല.
9. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD.21/997/2019(27)

Kerala State Audit Department

District Audit Office

Palakkad, Date: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

## Certificate

Certified that I have examined the Annual Financial Statement of Koduvayur Gramapanchayat in Palakkad District for the year ended on 31-3-2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, the Rules made there under and the Guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion, the Financial Statements of Koduvayur Gramapanchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

Deputy Director

## Annexure

### Abstract Defects/Discrepancies

1. Basic Ratios and Notes on Important Accounting Policies under the Kerala Panchayat Raj Accounts Rules 2011, Rule 62 are not included in annual accounts.
2. The Property Tax Arrears due to be collected on the balance sheet for the year 2017-18 are Rs.3195452 but the aggregate demand for 2018-19 is shown as Rs.2268323. Although the institution claims that the difference in demand is due to the data purification process in the Sanchaya software, the details of the changed demand not provided. There the accuracy of the demand for Property Tax could not be ascertained.
3. The documents required to verify the accuracy of Property Tax book adjustments and Prior Period Income have not been submitted for audit.
4. Provision for Arrears has not been recorded in the Income and Expenditure Account. The worksheet for estimating the provision amount is not made available for audit.

5. The Asset Register is not updated.
6. The Implementing Officers other than the Agricultural Officer, do notkeep a record of the Subsidiary Register for recording the expenditurefrom the Panchayath.
7. Although the depreciation for the assets has been recorded for the year, the accuracy of the charged amount has not been ascertained as Asset Register is not up to date.
8. The stock register is not kept as value based.
9. Lapsed deposit amounts have not been forfeited to the own fund.

Deputy Director

# അനുബന്ധം-2 വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം

| | | | |
|---|---|---|---|
| | Koduvayur Grama Panchayat BALANCE SHEET | | |
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 40070822.11 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 129255.00 |
| 312000000 | Reserves | B-3 | 41862001.00 |
| | Total Reserve & Surplus | | 82062078.11 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7022248.00 |
| | Total Grants, Contributions for Specific Purposes | | 7022248.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 20169530.00 |
| | Total Loans | | 20169530.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 915299.00 |
| 341000000 | Deposits Works | B-8 | 1000.00 |
| 350000000 | Other Liabilities | B-9 | 3485700.99 |
| | Total Current Liabilities and Provisions | | 4401999.99 |
| | TOTAL LIABILITIES | | 113655856.10 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 57085262.00 |
| 411000000 | Accumulated Depreciation | B-11 | -240428.00 |
| 412000000 | Capital Work in Progress | B-11(a) | 769571.00 |
| | Total Fixed Assets | | 57614405.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 99950.00 |
| 431000000 | Sundry Debtors (Receivables) | B-15 | 6050825.10 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 19740000.00 |
| 450000000 | Cash and Bank Balance | B-17 | 29522605.00 |

| | | | |
|---|---|---|---|
| | Koduvayur Grama Panchayat INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6275346.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1221954.00 |
| 140000000 | Fee & User Charges | I-4(b) | 2499558.00 |
| 150000000 | Sale & Hire Charges | I-5(b) | 316156.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 141303119.00 |
| 171000000 | Interest Earned | I-8 | 224884.00 |
| 180000000 | Other Income | I-9 | 51900.00 |
| | Total Income | | 151892917.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 13282270.00 |
| 220000000 | Administrative Expenses | I-11(b) | 1027353.00 |
| 230000000 | Operations & Maintenance | I-12(b) | 6759738.00 |
| 240000000 | Interest & Finance Charges | I-13 | 12508.00 |
| 250000000 | Decentralised Plan Programme- | I-14 | 8434934.00 |

| | | | |
|---|---|---|---|
| | Productive Sector / Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 49024603.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1328534.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1332621.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 54577645.00 |
| 255000000 | Maintenance Projects | I-14(e) | 8638422.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 2252921.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1000000.00 |
| 272000000 | Depreciation | I-17(a) | 240428.00 |
| | Total Expenditure | | 147911977.00 |
| | Gross Surplus/ Deficit of income over Expenditure | | 3980940.00 |
| 280000000 | Prior Period Item | I-18 | 623370.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3357570.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Koduvayur Grama Panchayat
RECEIPT & PAYMENT STATEMENT
For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 10058924.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1328500.00 |
| 130000000 | Rental income from Panchayat Properties | RP-3 | 5400.00 |
| 140000000 | Fees & User Charges | RP-4 | 590598.00 |
| 150000000 | Sale & Hire Charges | RP-5 | 310556.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 55043140.00 |
| 171000000 | Interest Earned | RP-9 | 226932.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 15980053.00 |
| 350000000 | Other Liabilities | RP-36 | 1527098.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 51900.00 |
| 311000000 | Earmarked Funds | RP-29 | 10148.00 |
| 330000000 | Secured Loans | RP-32 | 20169030.00 |
| 340000000 | Deposits Received | RP-34 | 192556.00 |
| 350000000 | Other Liabilities | RP-36 | 485121.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 21398052.00 |
| 460000000 | Loans, Advances and Deposits | RP-47 | 581648.00 |
| | Grand total | | 127959656.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 5525155.00 |
| 220000000 | Administrative Expenses | RP-12 | 948975.00 |
| 230000000 | Operations & Maintenance | RP-13 | 3760898.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7307034.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 20249564.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1968434.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 977384.00 |
| | | | |